# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Volume X)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2018

# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

(Volume X)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2018

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout: Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581
Email: mdbookstall@yahoo.com
Copies: 1000

Price Rs. 65/-

# ഉള്ളടക്കം

അവതാരിക ........................................ v

ആമുഖം ........................................ vii

1. രക്തസാക്ഷിയായ പേർഷ്യയിലെ മോർ സിമയോൻ ...... 1

2. വി. പ്രൊക്കോറോസ് ........................................ 1

3. ഗാസയിലെ മെത്രാപ്പോലീത്ത മോർ പൊർഫിറിയസ് ..... 3

4. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ പൊർഫിറിയസ് ........................................ 7

5. കുസ്തന്തീനോസ്പോലീസിലെ
പാത്രിയർക്കീസായ പൗലോസ് ഒന്നാമൻ ........................ 8

6. എഡേസ്സായിലെ
മെത്രാപ്പോലീത്ത മോർ കോൺസ്റ്റൻന്റയിൻ ........................ 10

7. ആമീദിലെ മെത്രാപ്പോലീത്ത മോർ കുര്യാക്കോസ് ......... 11

8. മൽപ്പാനായ സലീബ ബർ ഖയ്റൂൻ ........................ 12

9. ദാരയിലെ മെത്രാപ്പോലീത്ത മോർ യൂഹാനോൻ ............. 13

10. കുസ്തന്തീനോസ്പോലീസിലെ
പാത്രിയർക്കീസായ വിശുദ്ധ പ്രോക്ലസ് ........................ 15

11. രക്തസാക്ഷിയായ പ്രോക്കൊപ്പിയസ് ........................ 17

12. രക്തസാക്ഷിയായ മൊർത്ത് ശീറിൻ ........................ 20

13. പുതിയനിയമ പ്രവാചകൻ വിശുദ്ധ അഗാബസ് ............. 22

14. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ ജോർജ്ജ് ഒന്നാമൻ ........................................ 25

15. രക്തസാക്ഷിയായ വിശുദ്ധ സബീന ........................ 27

16. രക്തസാക്ഷിയായ വിശുദ്ധ യൂഡോക്സിയ ........................ 29

17. എഡേസ്സായിലെ യൂഹാനോൻ
(ഈവന്നീസ് പുരോഹിതൻ) ........................................ 31

18. കുസ്തന്തീനോസ്പോലീസിലെ
പാത്രിയർക്കീസായ സിസിനിയസ് ........................ 33

19. നിക്കൊമേദിയയിലെ ഏലുത്രിയസ് ........................ 34

20. രക്തസാക്ഷിയായ ശ്മീശാത്തിലെ
മോർ യൂസേബിയോസ് ........................................................ 34

21. അലക്സന്ത്രിയ പാത്രിയർക്കീസായ
(ദയാലുവായ) വിശുദ്ധ യൂഹാനോൻ ................................ 38

22. വിശുദ്ധ മാർത്ത......................................................................41

23. സന്യാസിയും രക്തസാക്ഷിയുമായ
വിശുദ്ധ സാബാസ് ................................................................ 43

24. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ അത്താനാസിയോസ് രണ്ടാമൻ ........................... 46

25. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ ഏലിയാസ് (ഏലിയ) ഒന്നാമൻ .......................... 48

26. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ തിയൊഡോഷ്യസ് ................................................ 49

27. തൂണിന്മേൽ തപസിയായ
(ഇളയവനായ) വിശുദ്ധ ശെമവൂൻ....................................... 50

28. ഏകാന്തവാസിയായ വിശുദ്ധ മർക്കോസ്............................51

29. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ ദീവന്നാസിയോസ് രണ്ടാമൻ............................... 52

30. ബാസബ്രിനയിലെ
മോർ ജോർജ്ജ് മെത്രാപ്പോലീത്ത ...................................... 53

References ........................................................................55

Name Index - Volume X...........................................................57

General Index - Volume I - IX...................................................59

Books by the author ..............................................................69

ഗ്രന്ഥകർത്താവ്......................................................................... 73

# അവതാരിക

ബഹുമാനപ്പെട്ട മാണി രാജൻ കോർ എപ്പിസ്കോപ്പായുടെ സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും എന്ന ഗ്രന്ഥപരമ്പരയിലെ പത്താമത്തെയും അവസാനത്തേതുമായ വാല്യമാണിത്. സംഖ്യാ ശാസ്ത്രപ്ര കാരം 10 എന്ന സംഖ്യ ദൈവിക പൂർണ്ണതയെ കാണിക്കുന്നു. ഉദാ. പത്ത് കൽപനകൾ, മിസ്രേമിലേക്ക് അയച്ച പത്ത് ബാധകൾ, ദശാംശം 1/10 എന്നിവ. ഇതുവഴി ഈ ഗ്രന്ഥം പരമ്പരയ്ക്ക് ദൈവിക നടത്തിപ്പും ദൈവിക പൂർണ്ണതയും കൈവന്നിരിക്കുന്നു. ഒരു വാല്യത്തിൽ 30 ജീവചരിത്രങ്ങൾ പത്ത് വാല്യങ്ങളായി 300 ജീവചരിത്രങ്ങൾ. 30, 300 എന്നീ സംഖ്യ കളുടെ ആന്തരീക സംഖ്യ (inner number) വി. ത്രിത്വത്തിന്റെ സംഖ്യയായ 3 ആകുന്നു (3+0=3, 3+0+0=3). ഇതും ദൈവിക ഇടപെടലിന്റെ തെളിവുതന്നെ. രണ്ടായിരത്തിമൂന്നിൽ (2003) ആരംഭിച്ച ഈ മഹായജ്ഞം 2018ൽ അവസാനിക്കുമ്പോൾ ബഹു. അച്ചന് വന്നുചേരുന്ന മഹാസന്തോഷവും ദൈവികമായ അനുഭൂതിയും, അനുഗ്രഹവും ഒന്നു വേറെയാകുന്നു എന്നു ഞാൻ പറയട്ടെ. മൂന്നൂറ് സഭാ പിതാക്കന്മാരുടെ അനുഗ്രഹമാണ് ബഹു. അച്ചന്റെ പട്ടത്വത്തെ മുടിചൂടിക്കുന്നത്. ഇതിന്റെ വായനക്കാർക്കും ഈ അനുഗ്രഹവർഷം ഉണ്ടാകുകതന്നെ ചെയ്യും.

ഒരു കാര്യം എടുത്തുപറയട്ടെ. ശാസ്ത്രജ്ഞനായ ബഹു. അച്ചന്റെ മികവും, വിദ്യാഭ്യാസ വിദഗ്ദ്ധനായ ഒരു പ്രൊഫസറുടെ കഴിവും ഈ പരമ്പരയിലുടനീളം വെളിവായിരിക്കുന്നു. ഈ വാല്യത്തിന്റെ ഒടുവിൽ ചെയ്തിരിക്കുന്ന (General Index Vol. I-IX) മാത്രം മതി ഇതിനു ഉദാഹരണം. ഈ പരമ്പരയിലെ 300 ജീവചരിത്രങ്ങൾ വഴി വായനക്കാരന് ലഭ്യമാക്കാവുന്ന ദൈവിക വിജ്ഞാനം വിലമതിക്കാനാവാത്ത താകയാൽ ലൈബ്രറിയിൽ സൂക്ഷിക്കുകയും സമയവും സൗകര്യവും

ഉള്ളപ്പോൾ തുറന്നു വായിക്കുകയും ചെയ്യുമെങ്കിൽ ബഹു. അച്ചന്റെ ഈ മഹായജ്ഞം വിജയകരമാകും. പരിശുദ്ധന്മാരെ അടുത്തറിയുന്നതിനും കഴിവനുസരിച്ച് അനുകരിക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനും ഇതു സഹായമാകും. ഇന്നുള്ളതും വരുവാനിരിക്കുന്നതുമായ തലമുറകൾക്ക് ഇവ തുറന്നുതരുന്ന ആത്മീയ വാതായനങ്ങൾ അതിശ്രേഷ്ഠവും, അനുകരണിയവും, അനുഗ്രഹപ്രദവുമല്ലോ. കർത്താവിന്റെ ശിഷ്യരിൽ സാധാരണ മരണം പ്രാപിച്ച വി. യോഹന്നാന്റെ അതിശ്രേഷ്ഠമായ സുവിശേഷം തന്നിൽനിന്നും ശ്രവിച്ച് എഴുതിയത്. വി. പ്രൊക്കോറോസ് ആകുന്നു എന്ന അറിവ് എനിക്ക് ലഭിച്ചത് ഇതിൽനിന്നാകുന്നു. താനും മറ്റു ആറ് ശിഷ്യന്മാരും കൂടി വി. ശ്ലീഹായെ എഫേസേസിൽ കബറടക്കി എന്ന വസ്തുതയും ഇതുവഴി ലഭിച്ചു. ഇതുപോലെ ഒട്ടനവധി അറിവുകൾ ഈ വാല്യങ്ങളിൽ അടക്കം ചെയ്തിരിക്കുന്നു. ബഹു. അച്ചന്റെ 300 പൂക്കൾ അടങ്ങിയ ഭീമൻ പൂചെണ്ടിന്റെ അവസാനത്തേതും ശോഭയേറിയതുമായ 30 ശൂശാനകൾ അടങ്ങിയ ഈ വാല്യം വാങ്ങി വായിച്ച് അനുഗ്രഹീതരാകുവാനും വി. സഭാമക്കളെ ആഹ്വാനം ചെയ്യുന്നു. ബ. അച്ചനെ ആത്മാർത്ഥമായി അനുമോദിക്കുകയും ചെയ്യുന്നു.

**തിരുവനന്തപുരം** **കമാണ്ടർ ഡോ. സി. എ. നൈനാൻ**
**2018 ഏപ്രിൽ 16** M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും ആദരിക്കുകയും ഓർമ്മയാചരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും പരിശുദ്ധന്മാരുടെയും മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രങ്ങൾ സഭാമക്കൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2003ലാണ് ഇതിന്റെ പ്രഥമ വാല്യം പ്രസിദ്ധീകരിച്ചത്. 2004ൽ രണ്ടാം വാല്യവും 2006ൽ മൂന്നാം വാല്യവും, 2009ൽ നാലാം വാല്യവും 2011ൽ അഞ്ചാം വാല്യവും 2016ൽ ആറാം വാല്യവും 2017ൽ ഏഴാം വാല്യവും 2017ൽ തന്നെ എട്ടാം വാല്യവും 2018ൽ ഒമ്പതാം വാല്യവും പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പത്താം വാല്യത്തിലും മുൻവാല്യങ്ങളിലേതുപോലെ മുപ്പത് ജീവചരിത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1992ൽ *Queen of the Sacraments* എന്ന പുസ്തകം തയ്യാറാക്കിയപ്പോൾ വിശുദ്ധ കുർബ്ബാനയിലെ തുബ്ദേനുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിശുദ്ധന്മാരുടെ ചുരുങ്ങിയ ജീവചരിത്രം തയ്യാറാക്കുന്നതിനിടയായി. ആ പരിശ്രമത്തിനിടയിലാണ് ധാരാളം ആശ്രിതഗ്രന്ഥങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. കാലിഫോർണിയയിലെ വിവിധ യൂണിവേഴ്സിറ്റികളിലെ ലൈബ്രറികളിൽ ആശ്രിത ഗ്രന്ഥങ്ങൾ അന്വേഷിക്കുകയുണ്ടായി. മാത്രവുമല്ല, Inter Library Loan (ILL) എന്ന സൗകര്യം ഒരു ഗവേഷണ വിദ്യാർത്ഥിയെന്ന നിലയിലും സർവ്വകലാശാലയിലെ ഒരു റിസർച്ച് ഫെല്ലൊ എന്ന നിലയിലും ഏറെ പ്രയോജനപ്പെട്ടു. കാലിഫോർണിയയിലെ സെന്റ് മേരീസ് പള്ളിയിലെ വിശ്വാസികളിൽ പലരും എന്റെ ഈ പരിശ്രമങ്ങൾക്ക് സഹായങ്ങൾ ചെയ്തുതന്നു.

2007 ആഗസ്റ്റ് മാസത്തിൽ ലോസ് ഏൻജലസിലെ സെന്റ് മേരീസ് പള്ളിയുടെ സിൽവർ ജൂബിലി പ്രമാണിച്ച് വീണ്ടും കാലിഫോർണിയയിൽ പോയ സന്ദർഭത്തിൽ കുറെക്കൂടി പുസ്തകങ്ങൾ ശേഖരിക്കുന്നതിനും അവസരമുണ്ടായി. 2015ലും 2016ലും

ഇംഗ്ലണ്ടിൽ പോയ സന്ദർഭത്തിൽ ബ്രിട്ടീഷ് ലൈബ്രറിയിലെ ശേഖരത്തിൽനിന്നും പല പുസ്തകങ്ങളും ലഭ്യമായി. അതു കൂടാതെ വാങ്ങാൻ സാധിക്കുന്ന പല പുസ്തകങ്ങളും വാങ്ങിക്കുകയും ധാരാളം പുസ്തകങ്ങൾ ലോസ് ഏൻജലസിലെ പള്ളിയിലെ രണ്ടു വ്യക്തികൾ സമ്മാനമായി തരുകയും ചെയ്തു.

പത്ത് വാല്യങ്ങളിലായി ഈ മുന്നൂറ് ജീവചരിത്രങ്ങൾ എഴുതി പൂർത്തീകരിക്കുമ്പോഴും ഇനിയും കണ്ടെത്താൻ കഴിയാതെപോയ പല ജീവചരിത്രങ്ങളും എങ്ങനെ ലഭ്യമാക്കാൻ കഴിയും എന്നതാണ് എന്റെ ചിന്ത. അവയിൽ ചിലതു മാത്രം ഇവിടെ രേഖപ്പെടുത്തട്ടെ. മഞ്ഞനിക്കര ദയറായിൽ മോർ യൂലിയോസ് ബാവായോടുകൂടെ താമസിച്ചിരുന്ന വന്ദ്യ മോശ സലാമ റമ്പാൻ പിന്നീട് തെക്കെ അമേരിക്കയിൽ മോർ ക്രിസോസ്റ്റമോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി സേവനമനുഷ്ഠിക്കുകയുണ്ടായി. ഈ പിതാവ് 1996 ഏപ്രിൽ 18-ാം തീയതി കാലംചെയ്തു. ഇദ്ദേഹത്തിന്റെ '*ജീവജലം*' എന്ന പ്രസംഗക്കുറിപ്പുകൾ ലഭ്യമാണെങ്കിലും വിശദമായ ജീവചരിത്രം ലഭ്യമല്ല. അതുപോലെ പരിശോധിച്ച ആശ്രിത ഗ്രന്ഥങ്ങളിൽ ലഭ്യമാകാത്ത മറ്റു ധാരാളം പേരുകളുണ്ട്. ഉദാഹരണമായി മൊർത്ത് എസ്തീന, മോർ കൗമാ, രക്തസാക്ഷികളായ മോർ ഫിനഹാസ്, മോർ തലിയൊ, മൊർത്ത് ടൂസിസ് തുടങ്ങിയവ. ഇവയിൽ മോർ കൗമായുടെ ഓർമ്മദിനത്തിലുപയോഗിക്കുന്ന പ്രൊമിയോൻ സെദറാകൾ 2011 ജൂലൈ മാസത്തിൽ ഹോളണ്ടിലെ ദയറായിൽ ഒരു കയ്യെഴുത്തു പ്രതിയിൽനിന്നും കോപ്പിയെടുത്തെങ്കിലും (സുറിയാനി) ശരിയായി വിവർത്തനം ചെയ്യുന്നതിന് സാധിച്ചിട്ടില്ല.

സഭാപിതാക്കന്മാരുടെ ജീവചരിത്രാന്വേഷണത്തിലാണ് അവരുടെ സഭാ സംബന്ധമായ എഴുത്തുകളും വ്യാഖ്യാനങ്ങളും എത്രമാത്രമുണ്ട് എന്ന അവബോധമുണ്ടാകുന്നത്. ആധുനിക കാലത്തുയർന്നുവരുന്ന പല ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകുന്ന ഉത്തമമായ പല കൃതികളും പരിശുദ്ധ പിതാക്കന്മാർ രചിച്ചിട്ടുണ്ട്. അവ അന്വേഷിച്ച് കണ്ടെത്തി പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കുക എന്നതും ഒരു വലിയ ദൗത്യമാണ്.

ഒന്നുമുതൽ അഞ്ചുവരെയുള്ള ഈ വാല്യങ്ങളുടെ പ്രസിദ്ധീകരണവും പുനഃപ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പല വാതിലുകളും മുട്ടിയിട്ടുണ്ട്. പല വ്യക്തികളോടും സാമ്പത്തിക

സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. പലപ്പോഴും മടുപ്പ് തോന്നിയിട്ടുണ്ട്. സഹായിച്ച എല്ലാ വ്യക്തികളോടും പ്രസ്ഥാനങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ആറു മുതൽ പത്തുവരെയുള്ള വാല്യങ്ങൾ JSC ഏറ്റെടുത്തതു മുതൽ പ്രസിദ്ധീകരണ ചെലവിനായുള്ള യാചന തുടരേണ്ടിവന്നില്ല. ഒന്നും രണ്ടും വാല്യങ്ങൾ JSC തന്നെ പുനഃ പ്രസിദ്ധീകരിക്കുകയും ചെയ്തു. JSC പബ്ലിക്കേഷൻസിനോ ടുള്ള നന്ദി അറിയിക്കുന്നു.

ആറു മുതലുള്ള വാല്യങ്ങളുടെയെല്ലാം ഡി.ടി.പി. ജോലികൾ നിർവ്വഹിച്ച ശ്രീ. ജൂലിയസ് സി. എബ്രഹാമിനോ ടും ഇതിന്റെ പ്രൂഫ് പരിശോധിച്ച ശ്രീമതി ജോസി ബാബുവി നോടുമുള്ള നന്ദി അറിയിക്കുന്നു.

ബലഹീനനായ എന്റെ കൊറെപ്പിസ്കോപ്പാ സ്ഥാനദാന ത്തിന്റെ 9-ാം വാർഷികമായ മെയ് 24-ാം തീയതി ഈ വാല്യം സഭയ്ക്കായി സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
2018 മെയ് 24

# 1. രക്തസാക്ഷിയായ പേർഷ്യയിലെ മോർ സിമയോൻ

## (ഏ.ഡി. ? - 344?)

സെലൂക്യയിലെ ഒൻപതാമത്തെ കാതോലിക്കയായിരുന്നു മോർ സിമയോൻ. ഇദ്ദേഹം ബർ-സാബോയ് (Bar-Saboe) എന്ന മറുപേരിലും അറിയപ്പെട്ടിരുന്നു. ഇദ്ദേഹം ഏ.ഡി. 326ൽ പപാസിന്റെ പിൻഗാമിയായി വാഴിക്കപ്പെട്ടു. ഇദ്ദേഹം പപാസിന്റെ സഹായിയായിരിക്കാമെന്ന അഭിപ്രായമുണ്ട് (Smith & Wace, 1887). സൊസോമെന്റെ വിവരണമനുസരിച്ച് വിദ്വാന്മാരും യഹൂദന്മാരും സാപ്പോർ ചക്രവർത്തിയെ ക്രിസ്ത്യാനികൾക്കെതിരായി പ്രവർത്തിക്കുന്നതിന് പ്രേരിപ്പിച്ചു. അതേതുടർന്ന് സിമയോൻ കാതോലിക്ക തടവിലാക്കപ്പെട്ടു. ഇദ്ദേഹം ഉദ്ദേശം ഏ.ഡി. 344 (?) ദുഃഖവെള്ളിയാഴ്ച രക്തസാക്ഷിമരണം പ്രാപിച്ചു. പേർഷ്യക്കാരനായ വിശുദ്ധ സിമയോന്റെ ഓർമ്മ സുറിയാനി സഭ ഏപ്രിൽ 17-ാം തീയതി ആചരിക്കുന്നു.

# 2. വി. പ്രൊക്കോറോസ്

## (ഒന്നാം നൂറ്റാണ്ട്)

അപ്പോസ്തോല പ്രവർത്തികൾ 6:5ൽ പേർ പറയപ്പെട്ടിരിക്കുന്ന പ്രൊക്കോറോസ് (Prochoros) യെരുശലേമിലെ സഭയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏഴ് ശെമ്മാശന്മാരിൽ ഒരാളായിരുന്നു (Smith & Wace, 1887). പ്രൊക്കോറോസ്

പിന്നീട് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളും ബിഥിനിയായിലെ നിക്കോമേദിയയിൽ മെത്രാപ്പോലീത്തയായിയെന്നും പാരമ്പര്യമായി വിശ്വസിച്ചുവരുന്നു.

പ്രൊക്കോറോസിന്റേതായ ഒരു രചനയാണ് അപ്പോസ്തോലനായ യോഹന്നാന്റെ ചരിത്രം (*History of the Apostle John*). ഈ ചരിത്രം വിവിധ ഭാഷകളിൽ മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. പുരാതന കൈയെഴുത്തു പ്രതികളിൽ നിന്ന് ലഭിച്ചിട്ടുള്ള ഭാഗങ്ങൾ കൂട്ടിച്ചേർത്ത് സംശോധിത പതിപ്പുകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

അപ്പോസ്തോലനായ യോഹന്നാന്റെ ചരിത്രം ആരംഭിക്കുന്നത് യോഹന്നാന്റെ ഏഷ്യയിലേക്കുള്ള ദൗത്യവും മറ്റ് അപ്പോസ്തോലന്മാരോടു വിടവാങ്ങുന്നതും വിവരിച്ചുകൊണ്ടാണ്. പ്രൊക്കോറോസ് യോഹന്നാന്റെ ശിഷ്യനും സഹയാത്രികനുമായിരുന്നു. അവരുടെ യാത്രയിൽ കപ്പൽ ദുരന്തമുണ്ടായെങ്കിലും അവർ സുരക്ഷിതരായി എഫേസോസിലെത്തി. അവിടെ ഒരു പിശാചിനാൽ കൊല്ലപ്പെട്ട ഒരുവനെ ജീവിപ്പിക്കുകയും ഡയാനയുടെ (അർത്തിമിസ്) വിഗ്രഹം നശിപ്പിക്കുകയും ചെയ്തു. ചക്രവർത്തിയുടെ കൽപനപ്രകാരം പത്മോസിലേക്ക് യോഹന്നാൻ നാടുകടത്തപ്പെടുകയും ചെയ്തു (വെളിപാട് 1:9). പത്മോസിലേക്കുള്ള യാത്രയിൽ മുങ്ങിമരിച്ച ഒരുവനെ ജീവിപ്പിക്കുകയും, കൊടുങ്കാറ്റിനെ നിശ്ചലമാക്കുകയും രോഗിയായിരുന്ന ഒരു കാവൽക്കാരനെ സുഖപ്പെടുത്തുകയും ചെയ്തു.

പത്മോസിൽ ഒരു പരസ്യ സംവാദത്തിൽ യോഹന്നാൻ വിജ്ഞാനിയായ ഒരു യഹൂദനെ പ്രതിരോധിക്കുകയും അനേകർക്ക് അത്ഭുത രോഗസൗഖ്യം നൽകുകയും മരിച്ചവരെ ജീവിപ്പിക്കുകയം ചെയ്തു. പതിനഞ്ചുവർഷം പത്മോസിൽ താമസിച്ച് ആ ദ്വീപിലെ എല്ലാവരേയുംതന്നെ മാനസാന്തരപ്പെടുത്തി.

എഫേസോസിലേക്ക് മടങ്ങുന്നതിന് അനുവാദം ലഭിച്ചതിനെ തുടർന്ന് പത്മോസിലെ ഒരു ഏകാന്ത സ്ഥലത്തിരുന്ന് വിശുദ്ധ സുവിശേഷം പറഞ്ഞുകൊടുക്കുകയും പ്രൊക്കോറോസ് അത് എഴുതിയെടുക്കുകയും ചെയ്തു. ഒരു അനുസ്മരണകൃതി എന്ന നിലയിൽ അത് പത്മോസിലെ നിവാസികൾക്കായികൊടുത്തുവെന്നും പറയപ്പെടുന്നു (Smith & Wace,

1887). (എഫേസോസിൽവച്ച് എഴുതിയെന്ന അഭിപ്രായവും പ്രബലമാണ്).

യോഹന്നാൻ ശ്ലീഹാ എഫേസോസിലേക്കു കപ്പൽ മാർഗ്ഗം പോകുകയും അവിടെ താൻ യൗവ്വനപ്രായത്തിൽ ജീവിപ്പിച്ച ഡോമനസിന്റെ ഭവനത്തിൽ താമസിക്കുകയും ചെയ്തു. യോഹന്നാൻ ഇരുപത്തിയാറു വർഷം എഫോസോസിൽ താമസിക്കുകയും എഫേസോസിൽ വച്ച് കാലം ചെയ്യുകയും പ്രൊക്കോറോസും മറ്റ് ആറു ശിഷ്യന്മാരും ചേർന്ന് ഇദ്ദേഹത്തെ കബറടക്കുകയും ചെയ്തു (Smith & Wace, 1887).

# 3. ഗാസയിലെ മെത്രാപ്പോലീത്ത മോർ പൊർഫിറിയസ്

**(c. ഏ.ഡി. 352 – 420?)**

പൊർഫിറിയസിന്റെ ശിഷ്യനായിരുന്ന മർക്കോസ് എഴുതിയ ജീവചരിത്രമനുസരിച്ച് പൊർഫിറിയസ് ഉദ്ദേശം ഏ.ഡി. 352ൽ തെസ്സലോനിക്ക്യയിൽ ജനിച്ചു (Smith & Wace, 1887). ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ഉന്നത മായ ക്രിസ്തീയ കുടുംബത്തിൽനിന്നുള്ളവരായിരുന്നു. പൊർഫിറിയസ് വിശുദ്ധ ലിഖിതങ്ങളും ഔപചാരിക വിദ്യാഭ്യാസവും പൂർത്തീകരിക്കുകയും ചെയ്തു.

പൊർഫിറിയസിന് ഇരുപത്തിയഞ്ച് വയസ്സായപ്പോൾ അദ്ദേഹം ലോകത്തെ ഉപേക്ഷിച്ച് ഈജിപ്റ്റിലെ സ്കീറ്റ് മരുഭൂമിയിലേക്ക് മാറി താമസിച്ചു. അവിടെ അഞ്ചുവർഷം താമസിച്ചശേഷം യെരുശലേമിലേക്കു പോകുകയും യോർദ്ദാനടുത്തുള്ള ഒരു ഗുഹയിൽ അഞ്ചുവർഷം ചെലവഴിക്കുകയും ചെയ്തു. കഠിനമായ താപസചര്യ കളാൽ പൊർഫിറിയസ് രോഗബാധിതനായിത്തീരുകയും വീണ്ടും യെരുശലേം സന്ദർശിക്കുകയും അവിടെവച്ച് മർക്കോസിനെ കണ്ടുമുട്ടുകയും മർക്കോസ്, പൊർഫിറി

യസിന്റെ ശിഷ്യനാകുകയും പൊർഫിറിയസിനെ അനുഗ മിക്കുകയും ചെയ്തു.

പൊർഫിറിയസിന്റെ താൽപര്യപ്രകാരം മർക്കോസ് പൊർഫിറിയസിന്റെ സ്വദേശമായ തെസ്സലോനിക്യ സന്ദർശിക്കുകയും ആ സന്ദർഭത്തിൽ പൊർഫിറിയസിന്റെ പിതൃസ്വത്തായി ലഭിച്ച വസ്തുക്കൾ വിറ്റ് ദരിദ്രർക്കും സന്യാസ ആശ്രമങ്ങൾക്കുമായി വിതരണം ചെയ്യുകയും ചെയ്തു. പൊർഫിറിയസ് തന്റെ സ്വന്ത അദ്ധ്വാനംകൊണ്ട് ഉപജീവിക്കുകയും ചെയ്തു.

യെരുശലേമിലെ മെത്രാപ്പോലീത്തയായിരുന്ന യൂഹാ നോൻ പൊർഫിറിയസിനെ (അദ്ദേഹത്തിന്റെ താൽപ ര്യത്തിനെതിരായി) പുരോഹിതനായി പട്ടം കൊടുക്കുകും യേശുവിനെ കുരിശിച്ച യഥാർത്ഥ കുരിശിന്റെ അംശം അദ്ദേഹത്തിനെ ഏൽപ്പിക്കുകയും ചെയ്തു. മൂന്നു വർഷം പുരോഹിതനായി ശുശ്രൂഷകൾ നിർവ്വഹിച്ചശേഷം മോർ അരിനിയാസ് കാലം ചെയ്തപ്പോൾ ഏ.ഡി. 395ൽ കൈസ ര്യയിലെ യൂഹാനോൻ പൊർഫിറിയസിനെ ഗാസയിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. ആ കാലഘട്ടത്തിൽ ഗാസ യിലെ ജനമെല്ലാം വിഗ്രഹാരാധനക്കാരായിരുന്നു. അവർക്ക് തീക്ഷ്ണതയുള്ള ഒരു മെത്രാപ്പോലീത്ത വളരെ കാത്തിരുന്ന് ലഭിച്ച ഒരു അനുഗ്രഹവുമായിരുന്നു. മോർ പൊർ ഫിറിയസിന്റെ വാഴ്ചയുടെ രണ്ടാമാണ്ടിന്റെ ആരംഭത്തിൽ ഒരു കൊടും വരൾച്ച അവസാനിച്ചത് ഇദ്ദേഹത്തിന്റെയും ക്രിസ്ത്യാനികളുടെയും പ്രാർത്ഥനമൂലമാണെന്ന് കരുത പ്പെടുന്നു. അതേത്തുടർന്ന് ധാരാളം വിജാതിയർ ക്രിസ്തു മതം സ്വീകരിച്ചു. തുടർന്നും ധാരാളം ആളുകൾ ക്രിസ്തു മതം സ്വീകരിച്ചത് ജനത്തിൽ വലിയ കോപത്തിനും ക്രിസ്ത്യാനികളുടെ പീഡനത്തിലും കലാശിച്ചു. മോർ പൊർ ഫിറിയസ് വിജാതിയരിൽ നിന്നുണ്ടായ എല്ലാ നിന്ദ്യ മായ പെരുമാറ്റങ്ങളും സഹിച്ചതിനാൽ പീഡകർക്ക് മനം മാറ്റം ഉണ്ടാകുന്നതിന് കാരണമായി. അതേസമയം തന്നെ മർക്കോസ് ശെമ്മാശനെയും കാര്യകർശിയായ ബൊറൊക്കാസിനെയും ചക്രവർത്തിയുടെ സംരക്ഷണം

ലഭിക്കുന്നതിനായും ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കുമായി കുസ്തന്തീനോസ്പോലീസിലേക്ക് അയച്ചു.

സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസിന്റെ (Chrysostom, d. 407) ഉത്സാഹത്താൽ വിഗ്രഹങ്ങൾ പൊളിച്ചു മാറ്റുന്നതിനും ക്ഷേത്രങ്ങൾ അടച്ചുപൂട്ടുന്നതിനും ഉത്തരവു ലഭിക്കുകയും അത് നടപ്പാക്കുകയും ചെയ്തു. എന്നിരുന്നാലും ഒരു പ്രബലവിഭാഗം ജനങ്ങൾ വിഗ്രഹാരാധനക്കാരായിതന്നെ തുടർന്നു. അവർ ക്രിസ്ത്യാനികളെ നല്ല ശമ്പളം ലഭിക്കുന്ന ജോലികളിൽ നിന്ന് മാറ്റി നിർത്തുകയും അവരുടെ സ്വത്തുക്കൾ ഉപയോഗിക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്തു. ഈ പ്രതികൂല സാഹചര്യത്തിൽ മോർ പൊർഫിറിയസ് സ്ഥാനത്യാഗം ചെയ്യുന്നതിനായി കൈസര്യായിലെ മോർ യൂഹാനോന്റെ അനുവാദം തേടി. അതിനു കാരണം ആ പ്രതിസന്ധിഘട്ടത്തെ നേരിടുന്നതിനോ തരണം ചെയ്യുന്നതിനോ അദ്ദേഹത്തിന് സാദ്ധ്യമായില്ല. മോർ യൂഹാനോൻ മോർ പൊർഫിറിയസിനോടുകൂടെ ക്ഷേത്രങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള ഉത്തരവിനായി അദ്ദേഹത്തോടൊപ്പം കുസ്തന്തീനോസ്പോലീസിലേക്ക് പോകുകയും ചെയ്തു. യാത്രപോകുന്ന സന്ദർഭത്തിൽ പ്രൊക്കൊപ്പസ് എന്ന ഒരു സുപ്രസിദ്ധ സന്യാസിയെ സന്ദർശിക്കുകയും ഏ.ഡി. 401 ജനുവരി 7-ാം തീയതി കുസ്തന്തീനോസ്പോലീസിൽ എത്തുകയും ചെയ്തു (Smith & Wace, 1887). അവർ മോർ ഈവാനിയോസിന്റെ നല്ല ബന്ധങ്ങൾ ഉപയോഗപ്പെടുത്തി വിഗ്രഹങ്ങൾ നശിപ്പിക്കുന്നതിനുള്ള ഉത്തരവ് അർക്കേഡിയസിൽനിന്ന് നേടുകയുണ്ടായി. അതുകൂടാതെ, കൈസര്യയിലെയും ഗാസയിലെയും ക്രിസ്ത്യാനികൾക്ക് പ്രത്യേകാവകാശങ്ങളും സഹായങ്ങളും നേടിയെടുക്കുകയും ചെയ്തു. ഒരു പള്ളി സ്ഥാപിക്കുന്നതിനും പരദേശികൾക്കായി ഒരു സത്രം പണിയുന്നതിനുമായി ഒരു വലിയ തുക അനുവദിച്ചു കൊടുക്കുകയും ചെയ്തു.

മെത്രാപ്പോലീത്തന്മാർ ഗാസയിലെ തുറമുഖമായ മജുമ്മയിൽ മെയ് 1-ാം തീയതി തിരിച്ചെത്തുകയും ചക്രവർത്തിയുടെ ഉത്തരവുകൾ കമ്മീഷണറായ സിനജിയസ് നടപ്പിലാക്കുകയും ചെയ്തു. അസാധാരണ ശില്പഭംഗിയുള്ള മർണാസിലെ ക്ഷേത്രം മാറ്റുന്നതിനെ സംബന്ധിച്ച് ദൈവേഷ്ടം അറിയുന്നതിനായി മോർ പൊർഫിറിയസ് ഒരു നോമ്പ് വിളംബരം ചെയ്തു. ക്ഷേത്രം പൊളിച്ചുമാറ്റണമോ അതോ പള്ളിയായി രൂപാന്തരപ്പെടുത്തണമോ എന്നതായിരുന്നു ആശയക്കുഴപ്പം. ഒടുവിൽ ക്ഷേത്രം പൊളിച്ചു മാറ്റുകയും യൂഡോക്സിയ രാജ്ഞിയുടെ രൂപകൽപനയനുസരിച്ച് കുരിശാകൃതിയിലുള്ള ഒരു പള്ളി പണിയുകയും ചെയ്തു. ഏ.ഡി. 405/406 ഉയിർപ്പ് പെരുന്നാൾ ദിവസം മോർ പൊർഫിറിയസ് ആരാധനയ്ക്കായി ഈ പള്ളി സമർപ്പിച്ചു.

ഗാസയിലെ വിജാതീയരായ ജനങ്ങൾ മേൽപറഞ്ഞ ക്ഷേത്രം പൊളിച്ചതിലും പട്ടണത്തിൽ ക്രിസ്ത്യാനികളുടെ എണ്ണം പെരുകുന്നതിലും പ്രതികാരബുദ്ധിയുള്ളവരായിരുന്നു. ധാരാളം ക്രിസ്ത്യാനികൾ ഇതേതുടർന്ന് കൂട്ടക്കൊല ചെയ്യപ്പെട്ടു. എന്നാൽ മോർ പൊർഫിറിയസ് രക്ഷപെടുകയുണ്ടായി. മോർ പൊർഫിറിയസിന്റെ താമസസ്ഥലം ആക്രമിക്കപ്പെടുകയും അദ്ദേഹം ഒരു പ്രായമായ സ്ത്രീയുടെ ഭവനത്തിൽ അഭയം തേടുകയും ചെയ്തു. പിന്നീട് ആ സ്ത്രീയും അവരുടെ കൊച്ചുമക്കളും ക്രിസ്ത്യാനികളായിത്തീർന്നു. കൊച്ചുമകളായ സലാഫ്ത്ത ഒരു ശുശ്രൂഷകയാകുകയും പിന്നീട് സന്യാസം സ്വീകരിച്ച് പ്രശസ്തയാകുകയും ചെയ്തു.

മോർ പൊർഫിറിയസ് തന്റെ ഒസ്യത്തിൽ ഇപ്രകാരം നിർദ്ദേശിച്ചിരുന്നു: നോമ്പിൽ ദിവസവും ദരിദ്രർക്കായി ഒരു നിശ്ചിത തുക കൊടുക്കേണ്ടതാണ്. ഇത് തന്റെ ജീവിതകാലത്ത് അദ്ദേഹം അനുവർത്തിച്ചിരുന്ന രീതിയാണ്. അപ്രകാരം ചെയ്യാതെ മുടക്കം വരുത്തിയാൽ ആ തുക മുഴുവനും കൈസര്യായിലെ ദൈവാലയത്തിന്റെ ബാദ്ധ്യതയായി പരിണമിക്കുന്നതാണ്. മോർ പൊർഫിറിയസ് ഏ.ഡി.

419/420 ഫെബ്രുവരി 26-ാം തീയതി സ്വർഗ്ഗഭവനത്തിലേക്ക് യാത്രയായി. മോർ പൊർഫിറിയസിന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 26-ാം തീയതി ആചരിക്കുന്നു.

## 4. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ പൊർഫിറിയസ്

**(c. എ. ഡി. ? - 412)**

അന്ത്യോഖ്യാ സിംഹാസനത്തിലെ ഇരുപത്തിയേഴാമത്തെ പാത്രിയർക്കീസായിരുന്നു മോറാൻ പൊർഫിറിയസ്. എ.ഡി. 404 മുതൽ എ.ഡി. 412 വരെ ഭരണം നിർവ്വഹിച്ച പിതാവ് മോറാൻ ഫ്ളേവിയൻ ഒന്നാമന്റെ (എ.ഡി. 381-404) പിൻഗാമിയായിരുന്നു. അന്ത്യോഖ്യയിൽ ഏറെക്കാലും ജീവിച്ച മോറാൻ പൊർഫിറിയസ് പൗരോഹിത്യത്തിന്റെ വിവിധ സ്ഥാനങ്ങളിൽ ദീർഘകാലം ശുശ്രൂഷകൾ നിർ വ്വഹിച്ചു. മോറാൻ ഫ്ളേവിയൻ കാലം ചെയ്തത് സ്വർണ്ണ നാവുകാരനായ മോർ ഈവാനിയോസ് നാടുകടത്തപ്പെട്ട കാലഘട്ടത്തിലായിരുന്നു (Smith & Wace, 1887).

മോറാൻ ഫ്ളേവിയന്റെ വിശ്വസ്ത സ്നേഹിതനായിരുന്ന കോൺസ്റ്റാൻഷ്യസായിരുന്നു മോറാൻ ഫ്ളേവിയന്റെ പിൻഗാമിയായി കരുതപ്പെട്ടിരുന്നത്. എന്നാൽ അദ്ദേഹം പൊതുസമൂഹത്തിന്റെ സമാധാനം കെടുത്തുന്ന ഒരു വ്യക്തിയാണെന്ന് കുസ്തന്തീനോസ് പോലീസിൽവച്ച് ആരോപിക്കപ്പെട്ടിരുന്നു. അതിനാൽ അക്കേസിയസ്, അന്ത്യോക്കസ്, സേവീറിയാനസ് എന്നിവർ ചേർന്നാണ് മോറാൻ പൊർഫിറിയസിനെ വാഴിച്ചത്. മോറാൻ പൊർഫിറിയസിന്റെ ഭവനം ആക്രമിക്കപ്പെട്ടെങ്കിലും സൈന്യത്തിന്റെ സംരക്ഷണം ലഭിച്ചതുവഴിയായി ജനക്കൂട്ടത്തെ പിരിച്ചുവിടുകയുണ്ടായി.

മോറാൻ പൊർഫിറിയസിന് ഭരണാധികാരികളുമായി നല്ല ബന്ധങ്ങൾ ഉണ്ടായിരുന്നു. അതിനാൽ ജനത്തെ ദൈവാലയത്തിൽ ആരാധനയിൽ പങ്കെടുപ്പിക്കുന്നതിന് സാധിച്ചു. ഏ.ഡി. 404 സെപ്തംബർ 18–ാം തീയതി മോറാൻ പൊർഫിറിയസുമായി സംസർഗ്ഗം വിരോധിക്കുന്നവരെയും എതിർക്കുന്നവരെയും പള്ളികളിൽനിന്നും പുറത്താക്കുകയും മറ്റു സ്ഥലങ്ങളിൽ മതപരമായ കൂടിവരവുകൾ നിരോധിക്കുകയും ചെയ്തു.

മോറാൻ പൊർഫിറിയസിന്റെ ഓർമ്മ ഡിസംബർ 1–ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 5. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായ പൗലോസ് ഒന്നാമൻ

**(ഏ.ഡി. ? – 351)**

കുസ്തന്തീനോസ്പോലീസിലെ ആറാമത്തെ പാത്രിയർക്കീസായ മോർ പൗലോസ് ഏ.ഡി. 340ലാണ് ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഇദ്ദേഹം തെസ്സലോനിക്യക്കാരനും ഒരു പുരോഹിതനും വയോവൃദ്ധനായ പാത്രിയർക്കീസായിരുന്ന അലക്സാണ്ടറുടെ സെക്രട്ടറിയുമായിരുന്നു. ഏ.ഡി. 340ൽ മോർ അലക്സാണ്ടർ കാലം ചെയ്തപ്പോഴാണ് മോർ പൗലോസ് ഒന്നാമൻ കുസ്തന്തീനോസ്പോലീസിലെ സിംഹാസനത്തിൽ ആരൂഢനാകുന്നത് (Smith & Wace, 1887).

പാത്രിയർക്കാസ്ഥാനത്തേക്ക് മത്സരിച്ച രണ്ടുപേരായിരുന്നു പൗലോസും മാസിഡോണിയസും. രണ്ടുപേരുടെയും അനുയായികൾ പരസ്യമായി പരസ്പരം തർക്കത്തിലായി. എന്നിരുന്നാലും ഓർത്തഡോക്സ് പക്ഷത്തുനിന്നിരുന്നവർക്കായിരുന്നു മുൻതൂക്കം. അങ്ങനെ

കുസ്തന്തീനോസ്പോലീസിലെ ദൈവാലയത്തിൽവച്ച് (Church of Peace) മോർ പൗലോസ് സ്ഥാനാഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ ഈ കാര്യത്തിൽ കോൺസ്റ്റാന്റിനസ് ചക്രവർത്തിയുമായി ആലോചന നടത്തിയില്ലെന്ന കാരണത്താൽ ചക്രവർത്തി കോപിഷ്ഠനാകുകയും അറിയോസ് പക്ഷക്കാരായ മെത്രാപ്പോലീത്തന്മാരെ വിളിച്ചുകൂട്ടുകയും മോർ പൗലോസിനെ നാടുകടത്തുകയും ചെയ്തു. നിക്കോമേദിയയിലെ മെത്രാപ്പോലീത്ത യൂസേബിയോസിനെ കുസ്തന്തീനോസ്പോലീസിലേക്ക് സ്ഥലംമാറ്റി നിയമിക്കുകയും ചെയ്തു. മോർ യൂസേബിയോസ് ഏ.ഡി. 341ൽ കാലംചെയ്തു. മോർ പൗലോസ് സിംഹാസനത്തിന്റെ ചുമതല വീണ്ടെടുത്തതിനെ തുടർന്ന് ലഹളയുണ്ടാകുകയും ധാരാളം ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ആഭ്യന്തരകലഹത്തിന്റെ സമയത്ത് കോൺസ്റ്റാൻന്റിനസ് ചക്രവർത്തി അന്ത്യോഖ്യയിലുണ്ടായിരുന്നു. അദ്ദേഹം മോർ പൗലോസിനെ പുറത്താക്കുന്നതിന് തന്റെ ജനറലായ ഹെർമൊജനസിന് ഉത്തരവ് നൽകി. അതേതുടർന്ന് ജനറലിന്റെ വസതി അഗ്നിക്കിരയാക്കി. കൊല്ലപ്പെട്ട ജനറലിന്റെ മൃതശരീരം കത്തിക്കൊണ്ടിരുന്ന കെട്ടിടത്തിൽനിന്ന് പുറത്തെടുക്കുകയും വിജയ ആഘോഷമായി പട്ടണത്തിലൂടെ വലിച്ചിഴയ്ക്കുകയും ചെയ്തു. ഇതിനു പ്രതികാരമെന്നോണം ചക്രവർത്തി അവർക്കുള്ള ഭക്ഷ്യധാന്യത്തിന്റെ അളവ് പകുതിയാക്കുകയും ചെയ്തു. മോർ പൗലോസിനെ വീണ്ടും പട്ടണത്തിൽനിന്ന് പുറത്താക്കുകയും ചെയ്തു.

മോർ പൗലോസ് മറ്റു മെത്രാപ്പോലീത്തന്മാരോടുകൂടെ റോമിലേക്ക് പോകുകയും ജൂലിയോസ് മെത്രാപ്പോലീത്ത (d. 352), അവർ നിഖ്യാ വിശ്വാസപ്രമാണത്തിൽ ഉറച്ചുനിൽക്കുന്നവരാണെന്ന് മനസ്സിലാക്കുകയും അവരെ സ്വീകരിക്കുകയും ചെയ്തു. മോർ പൗലോസ് സിംഹാസനം വീണ്ടെടുക്കുകയും കിഴക്കുള്ള മെത്രാപ്പോലീത്തന്മാർക്ക് എഴുത്തുകളയച്ചെങ്കിലും അവർ അതിനനുസരിച്ച് പ്രവർ

ത്തിക്കുന്നതിന് സന്നദ്ധരായില്ല. കോൺസ്റ്റാന്റിനസ് ചക്രവർത്തി കുസ്തന്തീനോസ്പോലീസിലെ ആളുകൾ മോർ പൗലോസിനെ തെരഞ്ഞെടുത്തതിന് എതിരായിരുന്നു. അതിനാൽ മോർ പൗലോസിനെ പുറത്താക്കുന്നതിന് ഉത്തരവിട്ടു. കിഴക്കിന്റെ ചുമതലയുള്ള ഭരണാധികാരിയായ ഫിലിപ്പസ് ചില കാര്യങ്ങൾ ചർച്ച ചെയ്യാനെന്ന രീതിയിൽ രഹസ്യമായി മോർ പൗലോസിനെ കാണുകയും ചക്രവർത്തിയുടെ കത്ത് കാണിക്കുകയും ചെയ്തു. തുടർന്ന് മോർ പൗലോസിനെ പുറത്താക്കുകയും അതിനു പകരമായി മാസിഡോണിയസിനെ നിയമിക്കുകയും ചെയ്തു.

മോർ പൗലോസിനെ ചങ്ങലകളാൽ ബന്ധിച്ച് മെസപ്പൊട്ടോമ്യയിലെ സിൻഗാറ എന്ന സ്ഥലത്തേക്ക് കൊണ്ടുപോകുകയും ചെയ്തു. അവിടെനിന്ന് എമീസയിലേക്കും ഒടുവിൽ അർമേനിയയിലെ കുക്കുസസിലേക്ക് കൊണ്ടു പോകുകയും ചെയ്തു. ഏ.ഡി. 351ൽ മാസിഡോണിയസിന്റെ അനുയായികൾ മോർ പൗലോസ് ഒന്നാമനെ കഴുത്തുഞെരിച്ച് കൊന്നതായി വിശ്വസിക്കപ്പെടുന്നു. സുറിയാനി സഭ മോർ പൗലോസിന്റെ ഓർമ്മ നവംബർ 6–ാം തീയതി ആചരിക്കുന്നു.

## 6. എഡേസ്സായിലെ മെത്രാപ്പോലീത്ത മോർ കോൺസ്റ്റൻന്റയിൻ

**(ഏ.ഡി. ? – 735)**

എഡേസ്സായിലെ മോർ യാക്കോബിന്റെ (d. ഏ.ഡി. 708) പ്രശസ്തനായ ശിഷ്യനായിരുന്നു കോൺസ്റ്റൻന്റയിൻ. അവർ ദീർഘകാലം യുസെബുന്നയിലെ ദയറായിൽ ഒരുമിച്ചു ജീവിച്ചു (Aphrem I, 2003). ഏ.ഡി. 699ൽ അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ജൂലിയാൻ

രണ്ടാമൻ (ഏ.ഡി. 686 - 708) കോൺസ്റ്റൻന്റീയനെ ബിഥിനിയായിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. ബിഥിനിയായിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടെങ്കിലും അദ്ദേഹത്തെ ഹോംസ് ഭദ്രാസനത്തിലേക്ക് അയയ്ക്കുകയുണ്ടായി. ഗുരുവായ മോർ യാക്കോബിന്റെ കാലശേഷം ഏ.ഡി. 709ൽ മോറാൻ ഏലിയ ഒന്നാമൻ പാത്രിയർക്കീസ് ബാവ മോർ കോൺസ്റ്റൻന്റയിനെ എഡേസ്സാ ഭദ്രാസനത്തിലേക്ക് സ്ഥലം മാറ്റുകയുണ്ടായി. 26 വർഷം അദ്ദേഹം ഭദ്രാസന ഭരണം നിർവ്വഹിച്ചു.

മോർ കോൺസ്റ്റൻന്റയിൻ വിജ്ഞാനദാഹിയായിരുന്നു. ഗുരുവായിരുന്ന മോർ യാക്കോബിനോട് അദ്ദേഹം ചോദിച്ച ചോദ്യത്തിന്റെ ഉത്തരങ്ങൾ രണ്ടു പുസ്തകങ്ങളായായാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ആ പുസ്തകങ്ങളാണ് ആദ്യ കാരണം സൃഷ്ടിയുടെ ആറു ദിവസങ്ങൾ (*The First cause and The six days of creation*). ഇദ്ദേഹത്തിന്റെ മറ്റു രചനകൾ ടർക്കിയിലെ മിദിയാത്തിലുള്ള മോർ അബ്രഹാമിന്റെ ദയറായിൽ സൂക്ഷിച്ചിരിക്കുന്നു (Aphrem I, 2003).

ഏ.ഡി. 735 ജൂലൈ 25-ാം തീയതി മോർ കോൺസ്റ്റൻന്റയിൻ കാലംചെയ്തു. ഇദ്ദേഹത്തിന്റെ ഓർമ്മ ജൂലൈ 25-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 7. ആമീദിലെ മെത്രാപ്പോലീത്ത മോർ കുര്യാക്കോസ്

**(ഏ.ഡി. ? - 623)**

ആമീദിലെ മെത്രാപ്പോലീത്തയായ മോർ കുര്യാക്കോസ് സഭയുടെ ഒരു മൽപാനായിരുന്നു. അൽ-റാക്കയ്ക്ക് സമീപമുള്ള സഖാ ദയറായിൽ അദ്ദേഹം പഠനം നടത്തി. പിന്നീട് റാഖയിലെ മോറാൻ പത്രോസ് മൂന്നാമൻ (ഏ.ഡി.

581-591) പാത്രിയർക്കീസ് ബാവായുടെ ശിഷ്യനായി. പരിശുദ്ധ പാത്രിയർക്കീസ് ബാവായാണ് മോർ കുര്യാക്കോസിനെ ആമീദിലെ മെത്രാപ്പോലീത്തയായി ഏ.ഡി. 582/83ൽ വാഴിച്ചത് (Aphrem I, 2003).

രാഷ്ട്രീയ കാരണങ്ങളാൽ ഏ.ഡി. 609ൽ മോർ കുരിയോക്കോസിനു പകരം മോർ ശമുവേൽ മെത്രാപ്പോലീത്ത നിയമിക്കപ്പെട്ടെങ്കിലും പിന്നീട് ആമീദിലെ മെത്രാപ്പോലീത്തയായി തുടർന്നു. അലക്സാന്ത്രിയൻ സഭയിൽ യോജിപ്പുണ്ടാക്കുന്നതിൽ മോർ കുരിയാക്കോസ് മെത്രാപ്പോലീത്ത വഹിച്ച പങ്ക് ഏറെ ശ്ലാഘിക്കപ്പെട്ടിരുന്നു. ഇദ്ദേഹം തയ്യാറാക്കിയ ആറ് കാനോനുകൾ ബാർ എബ്രായയുടെ ഹൂദായ കാനോനിൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഏ.ഡി. 623ൽ മോർ കുരിയാക്കോസ് കാലംചെയ്തു. ഇദ്ദേഹത്തിന്റെ ഓർമ്മ ആഗസ്റ്റ് 3-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 8. മൽപ്പാനായ സലീബ ബർ ഖയ്റൂൻ

**(ഏ. ഡി. 1253-1340)**

സലീബ ബർ ഖയ്റൂൻ ഉദ്ദേശം ഏ.ഡി. 1253ൽ ജനിച്ചു. ഇദ്ദേഹം സുറിയാനി ഭാഷയിൽ പ്രാവീണ്യമുള്ളവനും സുറിയാനി എഴുതുന്നതിൽ നിപുണനുമായിരുന്നു. ഇദ്ദേഹത്തിന്റെ മകനാണ് ദയറാക്കാരനായ യേശു. ഇദ്ദേഹത്തിന്റെ ഭാര്യ നിര്യാതയായശേഷം ഇദ്ദേഹം ദയറാക്കാരനാകുകയും ഏ.ഡി. 1323ൽ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു (Aphrem I, 2003).

ബഹുമാനപ്പെട്ട സലീബ ബർ ഖയ്റൂൻ 'കിഴക്കിന്റെ മൽപാൻ' എന്നറിയപ്പെട്ടിരുന്നു. ഏ.ഡി. 1340 വരെ ഇദ്ദേഹം സുറിയാനി കയ്യെഴുത്തു പ്രതികൾ പകർത്തിയെഴുതിയിരുന്നു. മോർ അഫ്രേമിന്റെ ഓർമ്മ പെരു

ന്നാളിൽ ചൊല്ലുന്നതിനുള്ള ഒരു പ്രാർത്ഥന ഇദ്ദേഹം രചിച്ചിട്ടുണ്ട്. അത് ആരംഭിക്കുന്നതിപ്രകാരമാണ്: ''ദൈവിക ജ്ഞാനത്തിന്റെ ഗുരുവായവനെ പുകഴ്ത്തുന്നു...''

മൽപ്പാനായ സലീബ ബർ ഖയ്റൂന്റെ ഏറ്റവും ശ്രദ്ധേയമായ സംഭാവനയാണ് എഡേസ്സായിലെ മോർ യാക്കോബ് (d. 708) തയ്യാറാക്കിയിരുന്ന ആണ്ടടക്കമുള്ള പെരുന്നാളുകളുടെ കലണ്ടർ പരിശോധിച്ച് പരിഷ്കരിച്ചുവെന്നത്. ഈ പരിഷ്കരിച്ച കലണ്ടറിൽ തുറബ്ദീനിലെ സന്യാസികളുടെയും, രക്തസാക്ഷികളുടെയും വിശുദ്ധന്മാരുടെയും ഓർമ്മദിനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് സുറിയാനി സഭാ കലണ്ടർ തയ്യാറാക്കുന്നത്.

## 9. ദാരയിലെ മെത്രാപ്പോലീത്ത മോർ യൂഹാനോൻ

**(എ. ഡി. ? - 860)**

ടർക്കിയിലെ മർദ്ദീനിനടുത്തുള്ള മോർ ഹാനനിയ ദയറായിൽ വച്ച് യൂഹാനോൻ സന്യാസം സ്വീകരിച്ചു. ഉദ്ദേശം ഏ.ഡി. 825ൽ അന്ത്യോഖ്യാ പാത്രിയർക്കീസായ ദീവന്നാസിയോസ് തൽ മഹറെ (ഏ.ഡി. 817-845) യൂഹാനോൻ സന്യാസിയെ ദാരയിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ യൂഹാനോൻ മുപ്പത്തിയഞ്ചു വർഷം ഭദ്രാസന ഭരണം നിർവ്വഹിച്ചു (Aphrem I, 2003).

മോർ യൂഹാനോൻ ഒരു പണ്ഡിതനും ദൈവശാസ്ത്ര നിപുണനും ആയിരുന്നു. ഇദ്ദേഹത്തിന്റെ കൃതികൾ പിന്നീട് മോർ മോശെ ബർകീഫാ (d. 903), മോർ ദീവന്നാസിയോസ് ബർസ്ലീബി (d. 1171), മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാർ എബ്രായ (d. 1286) എന്നിവർ അവരുടെ എഴുത്തുകളിൽ ഉദ്ധരിച്ചിട്ടുണ്ട്.

മോർ യൂഹാനോന്റെ പ്രശംസനീയമായ ചില കൃതികളാണ്: (1) അഭൗമിക ശ്രേണികൾ, സഭാ ശ്രേണികൾ, ആചാര്യത്വം, ഉയിർപ്പ്, ക്രിസ്തീയ തത്വങ്ങൾ, വിശുദ്ധ കൂദാശകളുടെ അനുഷ്ഠാനം എന്നിവയെ സംബന്ധിക്കുന്ന ദൈവശാസ്ത്ര ഗ്രന്ഥം (2) പറുദീസ, സൃഷ്ടി, ഉയിർപ്പ്, മാമോദീസ, സ്ലീബാ കണ്ടെത്തൽ, കർത്താവിന്റെ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ഗ്രന്ഥം, (3) പുതിയനിയമ പുസ്തകങ്ങളുടെ വ്യാഖ്യാനം (സുവിശേഷങ്ങളുടെ?), (4) സഭയിൽ സമാധാനം കൈവരിക്കുന്നതിനെ സംബന്ധിച്ച് സഭയുടെ കാഴ്ചപ്പാടിനെ സംബന്ധിക്കുന്ന വിശകലനം, (5) ഒരു കുർബ്ബാന തക്സ എന്നിവ.

ഒൻപതാം നൂറ്റാണ്ടിൽ സഭയിൽ നിലനിന്നിരുന്ന പല അനുഷ്ഠാനങ്ങളെ സംബന്ധിച്ചും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് മോർ യോഹനോന്റെ കുർബ്ബാനാ വ്യാഖ്യാനത്തിൽ നിന്നാണ് (John of Dara, 1999). എന്നിരുന്നാലും മോശെ ബർ കീപ്പാ, മോർ ദീവന്നാസിയോസ് ബർസ്ലീബി എന്നിവരുടെ വ്യാഖ്യാനവുമായി (വിവരണവുമായി) പല വ്യത്യസ്തകളും മോർ യൂഹാനോന്റെ വ്യാഖ്യാനത്തിലടങ്ങിയിരിക്കുന്നു. മോർ യൂഹാനോന്റെ ഓർമ്മ മെയ് 11-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 10. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായ വിശുദ്ധ പ്രോക്ലസ്

**(ഏ. ഡി. ? - 446)**

ബാലനായിരുന്നപ്പോൾ തന്നെ പ്രോക്ലസ് മദ്ബഹായിൽ (Reader) ശുശ്രൂഷകനായിരുന്നു. കുസ്തന്തീനോസ്പോലീസിലെ വിദ്യാലയത്തിൽ പ്രോക്ലസ് പ്രസംഗകല അഭ്യസിച്ചു. ഇദ്ദേഹം അറ്റിക്കസ് പാത്രിയർക്കീസിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. അറ്റിക്കസ് ഇദ്ദേഹത്തിന് ശെമ്മാശനായും വൈദികനായും പട്ടം കൊടുത്തു. അറ്റിക്കസ് പാത്രിയർക്കീസ് കാലംചെയ്തപ്പോൾ സിസിനിയസ് ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു (Smith & Wace, 1887). പ്രോക്ലസിന്റെയും ഫിലിപ്പസ്സിന്റെയും പേരുകൾ പാത്രിയർക്കാ സ്ഥാനത്തേക്ക് ചിലർ നിർദ്ദേശിച്ചിരുന്നു.

മോറാൻ സിസിനിയസ് പ്രോക്ലസിനെ സിസിക്കസിലെ മെത്രാപ്പോലീത്തായായി വാഴിച്ചെങ്കിലും അവിടത്തെ ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചില്ല. അതിനാൽ പ്രോക്ലസ് മെത്രാപ്പോലീത്ത കുസ്തന്തീനോസ്പോലീസിൽ തന്നെ താമസിച്ചു.

മോറാൻ സിനിനിയസ് കാലംചെയ്തപ്പോൾ പ്രോക്ലസിനെയും ഫിലിപ്പസ്സിനെയും അനുകൂലിക്കുന്നവർ തമ്മിൽ ശത്രുതയിലായി. അതിനാൽ ചക്രവർത്തി നെസ്തോറിയസിനെ തിരഞ്ഞെടുത്തു. ഏ.ഡി. 429ൽ വിശുദ്ധ കന്യകമറിയാമിന്റെ പെരുന്നാളിൽ പ്രോക്ലസ് ജഡധാരണത്തെ സംബന്ധിച്ച് ചെയ്ത പ്രസംഗം എഫേസോസിലെ (ഏ. ഡി. 431) സുന്നഹദോസിന്റെ നടപടി

ക്രമങ്ങളുടെ (*Acts of the Council of Ephesus*) ആദ്യഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

നെസ്തോറിയസ് പുറത്താക്കപ്പെട്ടപ്പോൾ വീണ്ടും പ്രോക്ലസും ഫിലിപ്പസും സ്ഥാനാർത്ഥികളായെങ്കിലും ഒരു തർക്കും ഒഴിവാക്കുന്നതിനായി മക്സിമിനിയാനസ് തിരഞ്ഞെടുക്കപ്പെട്ടു. മക്സിമിനിയാനസ് ഏ.ഡി. 434ൽ (ഉയർപ്പിനു മുമ്പുള്ള വ്യാഴാഴ്ച) കാലംചെയ്തു. തുടർന്ന് കുസ്തന്തീനോസ്പോലീസിലെ മെത്രാപ്പോലീത്തന്മാർ ചേർന്ന് പ്രോക്ലസിനെ പാത്രിയർക്കീസായി സ്ഥാനാഭിഷേകം ചെയ്തു. ഏ.ഡി. 438ൽ പ്രോക്ലസ് തന്റെ ഗുരുവായ വിശുദ്ധ ഈവാനിയോസിന്റെ (Mor John Chrysostom d. 407) തിരുശേഷിപ്പുകൾ കൊമാനയിൽനിന്ന് കുസ്തന്തീനോസ് പോലീസിലേക്ക് കൊണ്ടുവരികയും വലിയ ആദരവോടുകൂടെ അപ്പോസ്തോലന്മാരുടെ നാമത്തിലുള്ള പള്ളിയിൽ അടക്കം ചെയ്യുകയും ചെയ്തു (Chediyath, 2006). പ്രോക്ലസിന്റെ കാലഘട്ടത്തിലാണ് ത്രൈശുദ്ധകീർത്തനം ഉപയോഗത്തിൽ വന്നത് (Smith & Wace, 1887). ഇദ്ദേഹത്തിന്റെ ഇരുപത്തിയേഴ് ധർമ്മോപദേശങ്ങളിൽ കർത്താവിന്റെ ജനനം, ചേലാകർമ്മം, മാമോദീസ, ഓശാന, ഉയിർപ്പ് എന്നീ പെരുന്നാളുകളിലെ പ്രസംഗങ്ങൾ ഉൾപ്പെടുന്നു. ഓർത്തഡോക്സ് വിശ്വാസത്തെ മുറുകെ പിടിച്ചിരുന്ന ബുദ്ധിമാനായ ഇടയനായിരുന്ന പ്രോക്ലസ് എങ്കിലും അദ്ദേഹം അനുരഞ്ജനത്തിന്റെ പാതയാണ് പിൻതുടർന്നത്. അദ്ദേഹവുമായി അഭിപ്രായ വ്യത്യാസമുള്ളവരെ ബലപ്രയോഗത്തിലൂടെയല്ല അനുരഞ്ജനത്തിലൂടെ കീഴടക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ഏ.ഡി. 466/67 ജൂലൈയിൽ പ്രോക്ലസ് കാലംചെയ്തു.

# 11. രക്തസാക്ഷിയായ പ്രോക്കൊപ്പിയസ്

**(ഏ. ഡി. ? - 303)**

പ്രൊക്കൊപ്പിയസ് യെരുശലേമിലാണ് ജനിച്ചതെങ്കിലും ബെത്സാനിലാണ് വളർന്നത്. പ്രൊക്കൊപ്പിയസിന്റെ ആദ്യത്തെ പേര് നിയാനിയസ് എന്നായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവായ ക്രിസ്റ്റഫർ ഒരു ക്രിസ്ത്യാനിയും റോമാക്കാരനുമായിരുന്നു. മാതാവായ തിയൊഡോസിയ ഒരു വിജാതിയക്കാരിയായിരുന്നു. ബാല്യത്തിൽതന്നെ പ്രൊക്കൊപ്പിയസിന്റെ പിതാവ് നിര്യാതനായി. മാതാവിന്റെ സംരക്ഷണയിലാണ് പ്രൊക്കൊപ്പിയസ് വളർന്നത്. നല്ല വിദ്യാഭ്യാസം നേടിയ പ്രൊക്കൊപ്പിയസ് ഡയോക്ലീഷ്യൻ ചക്രവർത്തി സിംഹാസനാരൂഢനായ ആദ്യവർഷം തന്നെ അദ്ദേഹത്തിന്റെ സർക്കാരിൽ ജോലിയിൽ ചേരുകയും തുടർന്ന് ജോലിയിൽ സ്ഥാനകയറ്റങ്ങൾ ലഭിക്കുകയും ചെയ്തു. ഏ.ഡി. 303ൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനുള്ള ഉത്തരവുമായി പ്രൊക്കൊപ്പിയസ് (നിയാനിയസ്) അലക്സന്ത്രിയായിലേക്ക് അയയ്ക്കപ്പെട്ടു.

ഈജിപ്റ്റിലേക്കു പോകുന്ന വഴിക്ക് അപേമിയ എന്ന സിറിയൻ പട്ടണത്തിനടുത്തുവച്ച് നിയാനിയസ് (പ്രൊക്കോപ്പിയസ്) ഒരു ദർശനം കണ്ടു. ശൗൽ ദമസ്ക്കൊസിലേക്കുള്ള വഴിയിൽ വച്ചു കണ്ട ദർശനത്തിന് സമാനമായിരുന്നു ഈ ദർശനം (അപ്പൊ. പ്ര. 9:1-9). ആ നിമിഷത്തിൽ ആകാശത്ത് പ്രകാശപൂരിതമായ ഒരു കുരിശ് കാണപ്പെട്ടു. നിയാനിയസിന്റെ ഹൃദയത്തിൽ അനിർവ്യാച്യമായ ഒരു ആനന്ദവും ആത്മീയ സന്തോഷവും അനുഭവപ്പെട്ടു. നിയാനിസയസ് ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽനിന്ന് മാനസാന്തരപ്പെട്ട് തീക്ഷ്ണതയുള്ള

ഒരു ക്രിസ്ത്യാനിയായി രൂപാന്തരപ്പെട്ടു (https://oca.org/saints/lives/2000/07/08/101966-greatmartyr-procopius-of-caesarea-in-palestine).

റോമൻ ചക്രവർത്തിയായ ഡയോക്ലീഷ്യൻ (എ.ഡി. 284–305) എ.ഡി. 303 ഏപ്രിൽ മാസത്തിൽ പത്ത് പീഡനങ്ങളിൽ ഒടുവിലത്തേതും ഏറ്റവും കഠിനവുമായ പീഡനം പലസ്തീനിൽ ക്രിസ്ത്യാനികൾക്കെതിരായി ആരംഭിച്ചു. ഈ പീഡനത്തിൽ ആദ്യ രക്തസാക്ഷി കിരീടം പ്രാപിച്ച വ്യക്തിയാണ് പ്രൊക്കൊപ്പിയസ് ((https://www.christianity.com/church/church-history/timeline/301-600/procopius-first-of-the-palestine-martyrs-11629634.html). കൈസര്യയിലെ മെത്രാപ്പോലീത്തയായിത്തീർന്ന യൂസേബിയോസ് ആ സമയത്ത് അവിടെ ജീവിച്ചിരുന്നു. യൂസേബിയോസ് പ്രൊക്കൊപ്പിയസിനെ സംബന്ധിച്ച് എഴുതിയ ഒരു വിവരണത്തിന്റെ രക്തചുരുക്കം താഴെ ചേർത്തിരിക്കുന്നു.

പ്രൊക്കൊപ്പിയസ് ഒരു ദൈവിക മനുഷ്യനായിരുന്നു. അദ്ദേഹം അപ്പവും വെള്ളവും മാത്രമാണ് കഴിച്ചിരുന്നത്. ഒന്നിടവിട്ട ദിവസങ്ങളിലോ മൂന്നു ദിവസത്തിലൊരിക്കലോ ചിലപ്പോൾ ഒരാഴ്ചയിൽ ഒരിക്കലോ മാത്രമെ അദ്ദേഹം ആഹാരം ഭക്ഷിച്ചിരുന്നുള്ളൂ (also see, Butler, 1866). അദ്ദേഹം ഗ്രീക്ക് ശാസ്ത്രങ്ങളിൽ പ്രാവീണ്യമുള്ളവനും വിശുദ്ധ വചനങ്ങളിൽ വളരെ നിപുണനുമായിരുന്നു. എല്ലാ സുകൃതങ്ങളിലും താഴ്മയിലും എളിമയിലും ഏറ്റവും പ്രകീർത്തിതനും ആയിരുന്നു (Butler, 1866). സഭയിലെ ശുശ്രൂഷകൾ മൂന്നു തലങ്ങളിലാണ് പ്രൊക്കൊപ്പിയസ് നിർവ്വഹിച്ചത്. (1) ശുശ്രൂഷക ഗണത്തിൽ വായനക്കാരനായും (Reader), (2) ഗ്രീക്ക് ഭാഷയിൽനിന്ന് അറമായ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നവനായും, (3) ദുരാത്മക്കളെ പുറത്താകുന്നവനായും പ്രവർത്തിച്ചു.

പ്രൊക്കൊപ്പിയസ് തന്റെ സഹോദര വിശ്വാസസാക്ഷികളോടുകൂടെ ബെത്തസാനിൽനിന്ന് കൈസര്യയിലേക്ക് അയയ്ക്കപ്പെട്ടു. അദ്ദേഹം പട്ടണവാതിൽ കടന്നപ്പോൾ

അദ്ദേഹത്തെ ഗവർണറുടെ മുൻപാകെ കൊണ്ടുവരപ്പെട്ടു. അവിടെ ഫ്ളേവിയൻ എന്ന ന്യായാധിപൻ പ്രൊക്കൊപ്പിയസിനോടു കൽപ്പിച്ചു: ''നീ ദേവന്മാർക്ക് ബലി കഴിക്കേണ്ടത് ആവശ്യമാണ്''. പ്രൊക്കൊപ്പിയസ് ഉച്ചസ്വരത്തിൽ മറുപടിയായി പറഞ്ഞു: ''സർവ്വത്തേയും ഉണ്ടാക്കുകയും സൃഷ്ടിക്കുകയും ചെയ്ത ഒരു ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ല.''

പിന്നീട് ആ ന്യായാധിപൻ നാലു ചക്രവർത്തിമാർക്ക് (ഡയോക്ലീഷ്യൻ, ഹെർക്കൂലീസ്, ഗലേറിയസ്, കോൺസ്റ്റാൻഷ്യസ്) ബലിയർപ്പിക്കുന്നതിനായി ആജ്ഞാപിച്ചു. എന്നാൽ വിശുദ്ധനായ ദൈവത്തിന്റെ രക്തസാക്ഷി ചിരിച്ചുകൊണ്ട് മഹാനായ ഗ്രീക്ക് കവിയുടെ (ഹോമർ) വാക്കുകൾ ആവർത്തിച്ചു: ''വളരെ പേരുടെ ഭരണം നല്ലതല്ല, ഒരു ഭരണാധികാരി മാത്രം മതി''.

മേൽപറഞ്ഞ മറുപടികേട്ട ഫ്ളേവിയൻ പ്രൊക്കൊപ്പിയസിനെ ശിരഛേദനം ചെയ്യുന്നതിന് ഉത്തരവായി. പീഡനം നടന്ന ആദ്യവർഷം ജൂൺ (ഹസീറോൻ) മാസം ഏഴാം ദിവസമാണ് ഇത് സംഭവിച്ചത്. ഈ വിശ്വാസസാക്ഷിയാണ് കൈസര്യ പട്ടണത്തിലെ ആദ്യത്തെ രക്തസാക്ഷി. രാത്രിയിൽ ക്രിസ്ത്യാനികൾ കണ്ണുനീരോടും പ്രാർത്ഥനകളോടും കൂടെ ഏറെ മുറിവേറ്റ പ്രൊക്കൊപ്പിയസിന്റെ ശരീരമെടുത്ത് കബറടക്കി.

മറ്റൊരു വിവരണമനുസരിച്ച് പ്രൊക്കൊപ്പിയസിന്റെ മാതാവ് ചക്രവർത്തിയുടെ അടുത്തുചെന്ന് തന്റെ മകൻ പൂർവ്വികരുടെ ദൈവത്തെ ആരാധിക്കുന്നില്ലെന്ന് പരാതിപ്പെട്ടു. അധികാരിയായ യൂദേവൂസ് ജസ്റ്റസ് നീയാനിസിനെ (പ്രൊക്കൊപ്പിയസ്) വിളിച്ചുവരുത്തി ഡയോക്ലീഷ്യന്റെ ഉത്തരവ് പ്രൊക്കൊപ്പിയസിന് കൈമാറി. ഈ ദൈവനിന്ദയുടെ ഉത്തരവ് പ്രൊക്കൊപ്പിയസ് എല്ലാവരും കാൺകെ കീറിക്കളഞ്ഞു. റോമാക്കാർ ഈ പ്രവർത്തി അധികാരികളോടുള്ള വെല്ലുവിളിയെന്ന കുറ്റമായി കാണുകയും ചങ്ങലകളാൽ ബന്ധിച്ച് പട്ടാളക്കാരുടെ അകമ്പടിയോടെ

കൈസര്യയിലേക്ക് അയയ്ക്കുകയും ചെയ്തു. ക്രിസ്ത്യാനികളുടെ ധൈര്യവും ആഴമായ വിശ്വാസവും കഠിനമായ പീഡനത്തിലും ഇളകാതെനിന്ന തന്റെ മകന്റെ വിശ്വാസവും കണ്ട (മാതാവായ) തിയൊഡോസിയ പശ്ചാത്തപിക്കുകയും പിന്നീട് കൊലചെയ്യപ്പെടുകയും ചെയ്തു. രക്തസാക്ഷിയായ പ്രൊക്കൊപ്പിയസിന്റെ ഓർമ്മ സുറിയാനി സഭ ജൂൺ 1-ാം തീയതി ആചരിക്കുന്നു.

## 12. രക്തസാക്ഷിയായ മൊർത്ത് ശീറിൻ

**(ആറാം നൂറ്റാണ്ട്)**

ശീറിൻ ഒരു കുലീനമായ പേർഷ്യൻ കുടുംബത്തിലാണ് ജനിച്ചത്. കിഴക്കുള്ള ഇന്ദ്രജാലക്കാരുടെ കീഴിലുള്ള വിദ്യാഭ്യാസമാണ് ശീറിൻ നേടിയത്. ആ വിദ്യാഭ്യാസം എക്കാലത്തും പൈശാചിക ഫലങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ശീറിന്റെ പിതാവ് ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സൊറൊസ്റ്റർ എന്ന പ്രവാചകൻ സ്ഥാപിച്ച ഒരു പേർഷ്യൻ മതത്തിന്റെ അദ്ധ്യാപകനായിരുന്നു (Walker, 2006).

ബെത്ത് ഗർമയിലെ ഗ്രാമത്തിലുള്ള ക്രിസ്ത്യാനികളുടെ സ്വാധീനത്തിൽ ശീറിൻ ഉൾപ്പെടാതിരിക്കുന്നതിനായി അവളുടെ പിതാവ് ശീറിനെ ഒരു വളർത്തമ്മയെ ഏൽപ്പിക്കുകയും സൊറൊട്രിയൻ പാഠങ്ങൾ പഠിപ്പിക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. എന്നാൽ പതിനെട്ട് വയസ്സായപ്പോൾ ശീറിൻ മതം മാറുകയും അത് അവളുടെ കുടുംബക്കാരുമായി ശത്രുതയുണ്ടാക്കുകയും ചെയ്തു.

ശീറിന്റെ ജീവചരിത്രകാരന്മാർ അവളുടെ കുടുംബത്തിൽപ്പെട്ട ആളുകൾ ശീറിനെ സൊറൊട്രിയൻ മതത്തിലേക്കു കൊണ്ടുവരുന്നതിനു നടത്തിയ ശ്രമങ്ങൾ ഫലവത്താകാതിരുന്നതിനെ സംബന്ധിക്കുന്ന ദിനവൃത്താന്തങ്ങൾ

രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യമായി ഈ പരിശ്രമത്തിനായി നിയോഗിക്കപ്പെട്ടത് ശീറിന്റെ വളർത്തമ്മയായിരുന്നു. പിന്നീട് വേഷപ്രച്ഛന്നരായ പേർഷ്യൻ സ്ത്രീകൾ ശീറിനെ സമീപിക്കുകയും സ്വസഹോദരങ്ങളെ ഓർത്ത് ക്രിസ്ത്യാനിയായി തുടരുന്നത് സ്വകാര്യ ആരാധനയിൽ മാത്രം പരിമിതപ്പെടുത്തണമെന്നും നിർബന്ധിച്ചു. എന്നാൽ ശീറിൻ ധൈര്യത്തോടെ വിഗ്രഹാരാധനക്കാരുടെ തെറ്റിനെ തള്ളിക്കളഞ്ഞു. തുടർന്ന് ശീറിനെ വീട്ടുതടങ്കലിലാക്കി. ശീറിന്റെ ചാർച്ചക്കാർ അവളെ ഭീഷണിപ്പെടുത്തുകയും പിതാക്കന്മാരുടെ വിശ്വാസം ഉപേക്ഷിക്കരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് ശീറിൻ രക്തസാക്ഷി കിരീടം പ്രാപിച്ചു. ശീറിന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 8-ാം തീയതി ആചരിക്കുന്നു.

ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അദ്ധ്യാത്മിക ജീവിതം നയിച്ചിരുന്ന മറ്റൊരു ശീറിനെ സംബന്ധിച്ച് കിഴക്കുള്ള സിറിയൻ (സന്യാസ) എഴുത്തുകാരനായ മാർട്ടിരിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്ധ്യാത്മിക ജീവിതം ക്രമപ്പെടുത്തുന്നതിൽ മാർട്ടിരിയോസിനെ ഏറെ സ്വാധീനിച്ചിട്ടുള്ള ഒരു വിശുദ്ധയായിട്ടാണ് ശീറിനെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് (Brock & Harvey, 1998).

സുറിയാനി സഭയിൽപെട്ട സന്യാസവ്യതം സ്വീകരിച്ച ഒരു അമ്മായ സ്ത്രീയായിരുന്നു ശീറിൻ. ഇറാക്കിലെ ബെത്ത് നൂഹദ്രേ എന്ന ജില്ലയിൽ ഹാൽമോൺ എന്ന ഗ്രാമത്തിലാണ് ശീറിൻ ജീവിച്ചിരുന്നത്. ശീറിൻ സന്യാസികൾക്കും സാധാരണ സ്ത്രീകൾക്കും അദ്ധ്യാത്മിക ഉപദേശങ്ങൾ നൽകുമായിരുന്നു. എല്ലാ തീവ്രതയോടും കൂടെ ശീറിൻ സന്യാസ അനുഷ്ഠാനങ്ങൾ പാലിച്ചിരുന്നു. സൂര്യാസ്തമനത്തിൽ പരിപ്പുകൊണ്ടും പുഴുങ്ങിയ പച്ചക്കറികളുംകൊണ്ട് ഉണ്ടാക്കിയ ഭക്ഷണമാണ് കഴിച്ചിരുന്നത്. അതോടൊപ്പം വെള്ളം മാത്രമേ കുടിച്ചിരുന്നുവെങ്കിലും ശീറിന്റെ മുഖം പരിശുദ്ധാത്മാവിന്റെ കൃപയാൽ പ്രകാശിച്ചിരുന്നു.

പലപ്പോലും ശീറിൻ നാലു ദിവസത്തിലൊരിക്കലോ ആഴ്ചയിലൊരിക്കലോ മാത്രമെ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. ക്ഷീണവും പ്രായാധിക്യവുമുണ്ടെങ്കിലും ശീറിൻ ദീർഘമണിക്കൂറുകൾ പ്രാർത്ഥനയ്ക്കായും ധ്യാനത്തിനായും നിൽക്കുമായിരുന്നു. മിക്കവാറും രാത്രികളിൽ സങ്കീർത്തനങ്ങൾ ആലപിച്ചും പ്രാർത്ഥനകൾ ചൊല്ലിയും കഴിച്ചുകൂട്ടിയിരുന്നതിനാൽ ഉറങ്ങിയിരുന്നില്ല. പകൽ സമയങ്ങളിൽ വിശുദ്ധ ഗ്രന്ഥങ്ങളും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും വായിക്കുമായിരുന്നു. പരദേശികളെ സ്വീകരിക്കുന്നതിലും അവർക്ക് സുഖസൗകര്യങ്ങൾ ഒരുക്കുന്നതിലും ശീറിൻ സന്തോഷം കണ്ടെത്തുമായിരുന്നു. സന്യാസികളും പരദേശികളും ശീറിന്റെ അനുഗ്രഹം പ്രാപിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ നിന്ന് സന്ദർശകരായി വരിക പതിവായിരുന്നു.

## 13. പുതിയനിയമ പ്രവാചകൻ വിശുദ്ധ അഗാബസ്

**(ഒന്നാം നൂറ്റാണ്ട്)**

വിശുദ്ധ അഗാബസ് എഴുപത് അറിയിപ്പുകാരിൽ ഒരാളും ഒരു രക്തസാക്ഷിയുമാണ്. ക്രിസ്തു തന്റെ ശിഷ്യന്മാരിൽനിന്ന് എഴുപതുപേരെ വേർതിരിച്ച് താൻ പോകാനിരിക്കുന്ന എല്ലാ പ്രദേശത്തേക്കും നഗരിയിലേക്കും തനിക്കുമുമ്പായി ഈരണ്ട് ഈരണ്ടു പേരായി അയച്ചു (ലൂക്കൊ 10:1). പെന്തിക്കൊസ്തിയുടെ ദിവസം അഗാബസും പന്ത്രണ്ടു ശിഷ്യന്മാരോടുകൂടെ പരിശുദ്ധാത്മാവിനായി മാളിക മുറിയിൽ കാത്തിരിക്കുകയും ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്തു (http://www.ucatholic.com/saints/saint-agabus-the-prophet/).

യെരുശലേമിൽ ശിഷ്യന്മാർക്ക് സ്വീകാര്യതയില്ലായിരുന്നതിനാൽ അവർ അന്ത്യോഖ്യയിലേക്കു യാത്രചെയ്തു (അപ്പൊ. പ്ര. 21:3-4). അന്ത്യോഖ്യാ അക്കാലത്ത് സിറിയയുടെ തലസ്ഥാനമായിരുന്നു. അതുകൂടാതെ പ്രശസ്തമായ വ്യാപാരകേന്ദ്രവുമായിരുന്നു (http://www.christian-resources-today.com/biblical-prophets-5.html). ‘‘സുന്ദരവും സുവർണ്ണവുമായ അന്ത്യോഖ്യ’’ എന്ന് ഈ വലിയ തലസ്ഥാനത്തിന് പേരുണ്ടായിരുന്നു. അന്ത്യോഖ്യയിൽവച്ച് ശിഷ്യന്മാർക്ക് ആദ്യമായി ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി (അപ്പൊ. പ്ര. 11:26). ഈ മഹാപട്ടണത്തിലെത്തിയ അപ്പോസ്തോലന്മാർ തഴച്ചുവളർന്നിരുന്ന ആദിമ സഭയ്ക്ക് എന്തെങ്കിലും സേവനം ചെയ്യാമെന്നാഗ്രഹിച്ചു.

അപ്പോസ്തോല പ്രവൃത്തകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം അഗാബസിന് പ്രവചനവരം നൽകപ്പെട്ടിരുന്നു. ‘‘ഞങ്ങൾ അവിടെ വളരെ ദിവസം താമസിച്ചിരിക്കുമ്പോൾ ‘അഗാബോസ്’ എന്നു പേരുള്ള ഒരു പ്രവാചകൻ യഹൂദിയായിൽ നിന്നും അവിടെ വന്നു. ഇയാൾ ഞങ്ങളുടെ അടുക്കൽ വന്ന് പൗലോസിന്റെ അരക്കെട്ടും എടുത്ത് സ്വന്തം കാലുകളും കൈകളും കെട്ടിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: ‘‘ഈ അരകെട്ടിന്റെ ഉടമസ്ഥനായ മനുഷ്യനെ, യഹൂദന്മാർ യറുശലേമിൽവച്ച് ഇങ്ങനെ ബന്ധിക്കും. ജാതികളുടെ കൈയിൽ അവനെ ഏൽപ്പിക്കുമെന്ന് പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു’’ (അപ്പോ. പ്ര. 21:10-11). ഈ പ്രവചനം നിവൃത്തിയായതായി അപ്പോസ്തോല പ്രവൃത്തികളിൽനിന്ന് മനസ്സിലാക്കാം (അപ്പോ. പ്ര. 21:27-36).

അപ്പോസ്തോല പ്രവൃത്തികളിൽ മറ്റൊരു പ്രവചനവും അഗാബസ് നടത്തിയതായി കാണാം. ‘‘ആ കാലത്ത് പ്രവാചകന്മാർ യെരുശലേമിൽനിന്ന് അന്ത്യോഖ്യായിലേക്ക് വന്നു. അവരിൽ അഗാബസ് എന്ന് പേരുള്ള ഒരുവൻ എഴുന്നേറ്റ് ഭൂമിയിലെല്ലാം വലിയ ക്ഷാമം ഉണ്ടാകുമെന്ന് ആത്മാവിനാൽ അറിയിച്ചു. ക്ലോഡിയസ് കൈസറിന്റെ നാളുകളിൽ അത് സംഭവിക്കുകയും ചെയ്തു (അപ്പൊ.

പ്ര. 11:27-28). അഗാബസ് മറ്റ് പരിശുദ്ധന്മാരായ അപ്പൊസ്തോലന്മാരോടുകൂടെ സുവിശേഷം പ്രസംഗിച്ചു. ഇദ്ദേഹം പല രാജ്യങ്ങളിലും സുവിശേഷം പ്രചരിപ്പിക്കുകയും അനേകം യഹൂദന്മാരെ മാനസാന്തരപ്പെടുത്തുകയും നാഥനായ ക്രിസ്തുവിന്റെ ജ്ഞാനത്തിലേക്ക് ഗ്രീക്കുകാരെ കൊണ്ടുവരികയും ചെയ്തു. ജീവൻ നൽകുന്ന മാമോദീസാ വഴിയായി അവരെ വിശുദ്ധീകരിച്ചു.

മേൽവിവരിച്ച സംഭവങ്ങൾ യെരുശലേമിലുള്ള യഹൂദന്മാരെ ഇളക്കി മറിച്ചു. അവർ അഗാബസിനെ കഠിനമായി അടിക്കുകയും പീഡിപ്പിക്കുകയും അവന്റെ കഴുത്തിൽ കയർകെട്ടി പട്ടണത്തിനു പുറത്തേക്ക് വലിച്ചിഴയ്ക്കുകയും ചെയ്തു. അവർ അഗാബസിന്റെ ആത്മാവ് വേർപ്പെടുന്നതുവരെ അവനെ കല്ലെറിഞ്ഞു. ആ നിമിഷത്തിൽ സ്വർഗ്ഗത്തിൽനിന്ന് ഒരു പ്രകാശം ഭൂമിയിലേക്കു വന്നു. അഗാബസിന്റെ ശരീരം മുതൽ സ്വർഗ്ഗം വരെയെത്തുന്ന ഒരു വലിയ തൂണായി എല്ലാവരും അതു കാണുകയുണ്ടായി. അതു കണ്ട ഒരു യഹൂദ സ്ത്രീ ഇപ്രകാരം പറഞ്ഞു: ''സത്യമായും ഈ മനുഷ്യൻ ഒരു നീതിമാനായിരുന്നു.'' അവൾ വലിയ ശബ്ദത്തിൽ ആർത്തുവിളിച്ചു.: ''ഞാൻ ഒരു ക്രിസ്ത്യാനിയാണ്, ഞാൻ ഈ വിശുദ്ധന്റെ ദൈവത്തിൽ വിശ്വസിക്കുന്നു.'' അവളും കല്ലെറിഞ്ഞ് കൊല്ലപ്പെടുകയും അഗാബസിനോടുകൂടെ ഒരേ കല്ലറയിൽ അടക്കപ്പെടുകയും ചെയ്തു. വിശുദ്ധ അഗാബസിന്റെ ഓർമ്മ സുറിയാനി സഭ ഏപ്രിൽ 8-ാം തീയതി ആചരിക്കുന്നു.

# 14. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ജോർജ്ജ് ഒന്നാമൻ

(A.D. ? - 790)

മോറാൻ ജോർജ്ജ് (ഗീവറുഗീസ്) അൻപത്തിയൊന്നാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസാണ്. അഗാധമായ പാണ്ഡിത്യവും രചനാവൈഭവവുമുണ്ടായിരുന്ന ഇദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസന്മാരിൽ ഏറ്റവും പ്രശസ്തനായി അറിയപ്പെട്ടിരുന്നു. പ്രതിസന്ധികൾ നേരിടുന്നതിൽ മോറാൻ ഗീവറുഗീസ് വിനീതനും ദീർഘക്ഷമയുള്ളവനുമായിരുന്നു.

മോറാൻ ജോർജ്ജ് ഹോംസിലെ ജോസിയക്കടുത്തുള്ള ബഅൽറ്റാൻ എന്ന സ്ഥലത്ത് ജനിച്ചു. കെന്നശ്രീൻ ദയറായിൽനിന്നും ഗ്രീക്ക്, സുറിയാനി ഭാഷകളിൽ അവഗാഹം നേടുകയും പ്രസംഗകല, ദൈവശാസ്ത്രം എന്നിവ അഭ്യസിക്കുകയും ചെയ്തു. കെന്നശ്രീനിൽവച്ച് ശെമ്മാശനാകുകയും ഉത്തമമായ സന്യാസജീവിതം നയിക്കുകയും ചെയ്തു. ശ്മീശാത്തിലെ മെത്രാപ്പോലീത്തയായ തിയൊഡോർ, ദൈവം ഗീവറുഗീസിനെ സഭയിലെ ഒരു വലിയ പദവി ഏൽപ്പിക്കുമെന്ന് പ്രവചിക്കുകയുണ്ടായി (Aphrem I, 2003).

ഉത്തമവും ശ്രേഷ്ഠവുമായ സ്വഭാവഗുണങ്ങളുമുണ്ടായിരുന്ന ജോർജ്ജ് സന്യാസിയെ അന്ത്യോഖ്യാ പാത്രിയർക്കീസായി സുന്നഹദോസ് തിരഞ്ഞെടുത്തു. ഏ.ഡി. 758ൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. വാഴിക്കപ്പെട്ട ശേഷം അസൂയക്കാരായ പലരിൽനിന്നും ഏറെ പ്രതിസന്ധികൾ മോറാൻ ഗീവറുഗീസിന് (ജോർജ്ജിന്)

നേരിടേണ്ടതായി വന്നിട്ടുണ്ട്. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനം അതിക്രമിച്ച് കടന്നുകയറിയ ദാരയിലെ ഡേവിഡ് മെത്രാപ്പോലീത്ത, കാലിനിക്കസിലെ ജോൺ മെത്രാപ്പോലീത്ത തുടങ്ങിയവർ വലിയ ബുദ്ധിമുട്ടുകളാണ് മോറാൻ ഗീവറുഗീസിനുണ്ടാക്കിയത്. ഏ.ഡി. 766ൽ തടവിലാക്കപ്പെടുകയും അത്യാഗ്രഹിയായ അബാസിദ് കാലിഫ് അബു ജാഫർ അൽ മൻസൂറിന്റെ അന്യായം സഹിച്ച് ഒൻപതു വർഷം ബാഗ്ദാദിൽ കഴിച്ചുകൂട്ടുകയും ചെയ്തു. ഏ.ഡി. 775ൽ അബു ജാഫറിന്റെ മരണത്തെ തുടർന്ന് മോറാൻ മറ്റു സഹതടവുകാരോടുകൂടെ ജയിൽ മോചിതനായി. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന മാലാഖയെ പോലെ സഭ മോറാൻ ഗീവറുഗീസിനെ ആദരിക്കുകയും സ്വീകരിക്കുകയും ചെയ്തു. ചിതറിപ്പോയ ആടുകളെ കൂട്ടിവരുത്തുന്നതിനും സഭയ്ക്കുണ്ടായ പരിക്ക് പരിഹരിക്കുന്നതിനുമായി മോറാൻ അക്ഷീണപരിശ്രമം നടത്തി. അതേവർഷം തന്നെ അന്ത്യോഖ്യായിലെത്തി പത്ത് മെത്രാപ്പോലീത്തന്മാരെ വാഴിച്ചു. ഏ.ഡി. 785ൽ സാരൂഗിനടുത്ത് കഫർ നമ്പു എന്ന സ്ഥലത്തുവച്ച് ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയും ഇരുപത്തിരണ്ട് കാനോനുകൾ നടപ്പിൽ വരുത്തുകയും ഒരു ചാക്രിക കൽപന അയയ്ക്കുകയും ചെയ്തു.

മോറാൻ ഗീവറുഗീസ് രണ്ടു വാല്യങ്ങളിലായി വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന് വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ആ വ്യാഖ്യാനത്തിൽ മോറാൻ ഇഗ്നാത്തിയോസ്, കൈസര്യയിലെ യൂസേബിയോസ്, നീസയിലെ ഗ്രീഗോറിയോസ്, സ്വർണ്ണനാവുകാരനായ ഈവാനിയോസ്, സാരൂഗിലെ യാക്കോബ്, മാബൂഗിലെ ഫീലക്സിനോസ്, അന്ത്യോഖ്യായിലെ സേവേറിയോസ്, അറബികളുടെ മെത്രാപ്പോലീത്ത മോർ ജോർജ്ജ് എന്നിവരുടെ ഉദ്ധരണികൾ ചേർത്തിട്ടുണ്ട്.

തടവിലായിരുന്നപ്പോൾ മോറാൻ ഗീവറുഗീസ് രചിച്ച ഗാനങ്ങൾ ശുശ്രൂഷാക്രമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി വിശ്വസിക്കപ്പെടുന്നു (Aphrem I, 2003). അദ്ദേഹത്തി

ന്റെ അവസ്ഥയെക്കുറിച്ച് വിലപിച്ചുകൊണ്ടെഴുതിയ ഒരു ഗാനം ആരംഭിക്കുന്നതിപ്രകാരമാണ്: ''ബാബിലോൺ എന്ന മഹാനഗരം വീണെന്ന് എന്നെ അറിയിച്ചിരുന്നെങ്കിൽ; പത്രോസിനോടെന്നപോലെ ജയിലിൽനിന്ന് വിജയശ്രീലാളിതനായി പുറത്തുകടക്കുവാൻ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു എന്ന് എന്നോടറിയിച്ചിരുന്നെങ്കിൽ; സഖറിയ സന്തോഷത്തോടെ 'അന്ധകാരത്തിലിരിക്കുന്നവരുടെ മേൽ സൂര്യൻ ഉദിച്ചു', എന്നു പാടിയതുപോലെ, സിയോൻ മക്കളെ ദാനിയേലിനുവേണ്ടി അലമുറയിടുവിൻ, ദയറാകളെ നിങ്ങൾ ഗീവറുഗീസിനുവേണ്ടി ഏങ്ങലടിച്ചു കരയുവീൻ...'' എന്നിത്യാദിയാണ്.

ഏ.ഡി. 790 ഡിസംബർ 1-ാം തീയതി മോറാൻ ഗീവറുഗീസ് കാലം ചെയ്യുന്നതുവരെ സഭയെ ബുദ്ധിയോടെ ഭരിച്ചുനടത്തി. മെലിറ്റിനിലെ മോർ ബർസൗം ദയറായി മോറാൻ കബറടക്കപ്പെട്ടു. മോറാൻ ഗീവറുഗീസിന്റെ ഓർമ്മ ഡിസംബർ 7-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 15. രക്തസാക്ഷിയായ വിശുദ്ധ സബീന

**(ഏ.ഡി. ? - 126)**

സബീന റോമിൽ ജീവിച്ചിരുന്ന ഒരു വിജാതീയ സ്ത്രീയായിരുന്നു. സബീനയുടെ ശുശ്രൂഷക (അടിമ)യായിരുന്ന സെറാഫിയ അന്ത്യോഖ്യാക്കാരിയും ഒരു ഉറച്ച ക്രിസ്തീയ വിശ്വാസിയും ദൈവത്തെ സേവിച്ചിരുന്ന ഒരു കന്യകയുമായിരുന്നു (Butler, 1866). സബീന സെനറ്റർ വാലന്റിനസിന്റെ വിധവയും ഹെരൊദ് മെറ്റലാറിയസിന്റെ മകളുമായിരുന്നു (http://www.monstrousregimentofwomen.com/2015/08/saint-sabina-martyr.html). സെറാഫിയ അവളുടെ മാതാപിതാക്കന്മാരോടുകൂടെ റോമിൽ വരികയും

അവരുടെ കാലശേഷം തനിക്കുള്ള സകലവും ദരിദ്രർക്കായി കൊടുക്കുകയും തന്നെ അടിമയായി വിറ്റ് സബീനയുടെ ഭവനത്തിലെത്തുകയുമായിരുന്നു ചെയ്തത്.

അഡ്രിയാന്റെ പീഡനം കൊടുംപിരികൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ആ പ്രവിശ്യയിലെ ബെറിലസ് എന്നുപേരുള്ള ഗവർണർ സബീനയെയും സെറാഫിയയേയും ബന്ധനത്തിലാക്കുകയും സെറാഫിയയെ അടിച്ചുകൊല്ലുകയും ചെയ്തു. ഈ സംഭവം ഏ.ഡി. 119ലോ 126ലോ ആണെന്ന് കരുതപ്പെടുന്നു. സബീനയെ അവളുടെ ഉത്തമജീവിതവും സുഹൃത്ത്ബന്ധങ്ങളും നിമിത്തം വിട്ടയയ്ക്കുകയുണ്ടായി. സബീന സെറാഫിയയുടെ മൃതദേഹം എടുത്ത് സബീനയുടെ കുടുംബകല്ലറയിൽ അടക്കി.

എൽപിഡിയസ് എന്ന ഭരണാധികാരി സബീന ക്രിസ്ത്യാനിയെന്ന് ആരോപിച്ചു. അവൾ പരസ്യമായി പുതിയ മതം സ്വീകരിക്കുകയും ക്രിസ്തുവിലുള്ള അവളുടെ വിശ്വാസത്തെ ധൈര്യത്തോടെ പ്രസംഗിക്കുകയും ചെയ്തതിനാൽ അവളെ ശിരച്ഛേദനം ചെയ്തു. ഏ.ഡി. 125(?) ആഗസ്റ്റ് 29-ാം തീയതിയാണ് സബീന രക്തസാക്ഷിയായത് (http://www.stsabina.org/history.html). ഏ.ഡി. 430ൽ സബിനയുടെ തിരുശേഷിപ്പുകൾ റോമിലേക്കു കൊണ്ടുവരികയും അവിടെ അവളുടെ ബഹുമാനാർത്ഥം ഒരു ദൈവാലയം പണിയുകയും ചെയ്തു. സബീനയുടെ ഓർമ്മ മാർച്ച് 13-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 16. രക്തസാക്ഷിയായ വിശുദ്ധ യൂഡോക്സിയ

### (രണ്ടാം നൂറ്റാണ്ട്)

ട്രാജൻ ചക്രവർത്തിയുടെ ഭരണകാലത്ത് ഹെലിയൊപോലീസിലെ ഫൊനികൃൻ പട്ടണത്തിലാണ് (ആധുനിക ലബനോനിലെ ബാൽബേക്ക്) വിശുദ്ധ യൂഡോക്സിയ ജീവിച്ചിരുന്നത്. നിരവധി കാമുകന്മാരുണ്ടായിരുന്ന യൂഡോക്സിയ അതീവ സുന്ദരിയായിരുന്നു. അവൾ ധാരാളം സമ്പത്ത് ആർജ്ജിച്ചിരുന്നു. മോഹങ്ങൾക്കടിമപ്പെട്ട ജീവിതം നയിച്ചിരുന്ന യൂഡോക്സിയ ഒരു വിഗ്രഹാരാധനക്കാരിയായിരുന്നു (https://www.goarch.org/chapel/saints?contentid=446).

ഒരു സന്യാസി പട്ടണത്തിലേക്ക് വന്നപ്പോൾ യൂഡോക്സിയയുടെ വീടിനു സമീപമുള്ള ഒരു ക്രിസ്ത്യാനിയുടെ ഭവനത്തിൽ താമസിക്കുകയുണ്ടായി. സൂര്യാസ്തമനസമയത്ത് സന്യാസി അദ്ദേഹത്തിന്റെ സന്യാസരീതിയനുസരിച്ച് സങ്കീർത്തനങ്ങൾ വായിക്കുകയും ഭയങ്കരമായ ന്യായവിധിയെ സംബന്ധിക്കുന്ന അദ്ധ്യായം ഉരുവിടുകയും ചെയ്തു. യൂഡോക്സിയ ശ്രദ്ധാപൂർവ്വം ഇതെല്ലാം കേട്ടുകൊണ്ടിരുന്നു. ഭയവും വിറയലും അവളെ ബാധിക്കുകയും പുലർക്കാലംവരെ അവൾ ഉണർന്നിരിക്കുകയും ചെയ്തു. നേരം വെളുത്തപ്പോൾ യൂഡോക്സിയ അവളുടെ പരിചാരികയെ സന്യാസിയുടെ അടുക്കലേക്കയയ്ക്കുകയും അവളുടെ അടുക്കലേക്ക് വരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ദൈവനടത്തിപ്പുണ്ടാകുകയും സന്യാസിയായ ഹെർമോൻ (ജെർമാനസ്?) ദീർഘനേരം വിശ്വാസത്തെയും

രക്ഷയെയും സംബന്ധിച്ചു യൂഡോക്സിയയോടു സംസാരിക്കുകയും ചെയ്തു. തുടർന്ന് യൂഡോക്സിയ മാമോദീസയേൽക്കണമെന്ന് അവിടത്തെ മെത്രാപ്പോലീത്തയോട് അപേക്ഷിച്ചു. തുടർന്ന് തിയോഡോറ്റസ് മെത്രാപ്പോലീത്ത യൂഡോക്സിയയെ മാമോദീസ മുക്കി. മാമോദീസ ഏറ്റ ശേഷം യൂഡോക്സിയ അവളുടെ സമ്പത്തെല്ലാം മറ്റുള്ളവർക്ക് വിഭജിച്ചുകൊടുത്തു. യൂഡോക്സിയ സന്യാസവ്യതം സ്വീകരിച്ച് അനുസരണത്തിലും ക്ഷമയിലും യാമപ്രാർത്ഥനകളിലും നോമ്പിലും സന്യാസമഠത്തിൽ ജീവിതം നയിച്ചു (http://www.orthodox.net/menaion-march/01-the-venerable-martyr-eudocia.html).

പതിമൂന്ന് മാസങ്ങൾക്കുശേഷം യൂഡോക്സിയയെ മഠത്തിന്റെ പ്രധാനിയായി തെരഞ്ഞെടുത്തു. യൂഡോക്സിയ അൻപത്തിയാറുവർഷം മഠത്തിൽ താമസിക്കുകയും ദൈവമുമ്പാകെ സ്വീകാര്യയാകുകയും ചെയ്തു. മരിച്ചവരെ ജീവിച്ചെഴുന്നേൽപ്പിക്കത്തക്കവിധം യൂഡോക്സിയ ദൈവകൃപനിറഞ്ഞവളായിതീർന്നു. പീഡയെ തുടർന്ന് യൂഡോക്സിയയെ ശിരഛേദനം ചെയ്തു. ഈ രക്തസാക്ഷിത്വം ട്രാജൻ ചക്രവർത്തിയുടെ കാലഘട്ടത്തിലോ (ഏ.ഡി. 98–117) അല്ലെങ്കിൽ ഹഡ്രിയാന്റെ കാലഘട്ടത്തിലോ (ഏ.ഡി. 117–138) നടന്നതായി കരുതപ്പെടുന്നു (http://www.gometropolis.org/orthodox-faith/feast-days/the-righteous-martyr-eudocia-the-samaritan/).

ഒരു അശുദ്ധ ജീവിതം (പാത്രം) എപ്രകാരം ശുദ്ധീകരിക്കപ്പെട്ട് ദൈവകൃപയാൽ നിറയപ്പെടുന്നുവെന്നതിന് യൂഡോക്സിയയുടെ ജീവിതം ഒരു ഉത്തമ ഉദാരഹണമാണ്. വിശുദ്ധ യൂഡോക്സിയയുടെ ഓർമ്മ സുറിയാനി സഭ മാർച്ച് 1–ാം തീയതി ആചരിക്കുന്നു.

# 17. എഡേസ്സായിലെ യൂഹാനോൻ (ഈവന്നീസ് പുരോഹിതൻ)

**(അഞ്ചാം നൂറ്റാണ്ട്)**

ഇറ്റലിയിലെ പൗലോസ് മെത്രാപ്പോലീത്താ തന്റെ ഭദ്രാസനം വിട്ട് സന്യാസജീവിതം ആഗ്രഹിച്ചുകൊണ്ട് എഡേസ്സായിലേക്ക് യാത്ര ചെയ്തു (Arneson, Fiano, Marquis & Smith, 2010). അവിടെ അദ്ദേഹം യൂഹാനോനെ കണ്ടുമുട്ടി. ഒരു വിദഗ്ധ തൊഴിൽ പഠിച്ചിട്ടില്ലാത്ത മെത്രാപ്പോലീത്ത കൂലിവേല ചെയ്യുകയും ലഭിച്ചിരുന്ന ധനത്തിൽ ഭൂരിഭാഗവും പാവപ്പെട്ടവർക്ക് കൊടുക്കുകയും പട്ടണത്തിനടുത്തുള്ള മലയിലും ഗുഹകളിലും എല്ലാ ദിവസവും പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തിരുന്നു. പൗലോസ് മെത്രാപ്പോലീത്ത ഒരു അത്ഭുതപ്രവർത്തകനാണെന്ന് മനസ്സിലാക്കിയ യൂഹാനോൻ അദ്ദേഹം യാത്രചെയ്യുന്നിടത്തെല്ലാം കൂടെ പോകുന്നതിനപേക്ഷിക്കുകയും ചെയ്തു.

ഉറ്റചങ്ങാതികളായിത്തീർന്ന രണ്ടുപേരും സീനായിലെ സന്യാസികളെ സന്ദർശിക്കുന്നതിനുവേണ്ടി യാത്ര തിരിച്ചെങ്കിലും വൃക്ഷത്തെ ആരാധിച്ചിരുന്ന അറബികൾ അവരെ യമനിലേക്ക് തട്ടിക്കൊണ്ടുപോയി. എന്നാൽ വൃക്ഷത്തെ ആരാധിക്കുന്ന അറബികളെ മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനികളാക്കി. എഡേസ്സായിലേക്കുള്ള മടക്കയാത്രയിൽ അവർ അസാധാരണക്കാരായ (ഒരിടത്തും സ്ഥിരമായി താമസിക്കാത്ത) ഏതാനും സന്യാസികളെ കണ്ടുമുട്ടി. അവരിൽ പുരുഷവേഷം ധരിച്ച ഒരു സ്ത്രീയുമുണ്ടായിരുന്നു.

എഡേസ്സായിലെ യൂഹാനോനെക്കുറിച്ച് നമുക്ക് അറിയുവാൻ കഴിയുന്നത് സീനായിലെ കൈയെഴുത്തുകളിൽ സൂക്ഷിച്ചിരിക്കുന്ന ഒരു ലിഖിതത്തിൽ നിന്നാണ് (http://www.johnclamoreaux.org/cv.html). അതിൽ ഫിനിയാസ് എന്ന കാലിഫിന്റെ സാന്നിദ്ധ്യത്തിൽ യൂഹാനോൻ നടത്തിയ സംവാദത്തിന്റെ വിശദാംശങ്ങൾ ഉണ്ട്. അതിന്റെ പ്രാരംഭത്തിൽതന്നെ നീചനായ ഫീനിയാസ് എപ്രകാരമാണ് കാലിഫിനെ ക്രിസ്ത്യാനികളെ വിരോധിക്കുന്നവനാക്കി തീർത്തതെന്നതിന്റെ വിവരണമുണ്ട്. യൂഹാനോൻ പ്രാർത്ഥനയോടെ അൽ-റാഖയിലേക്ക് പോകുകയും അവിടെ ചെന്ന് കാലിഫിനെ കാണുകയും ചെയ്തു. കാലിഫ് സംവാദത്തിനായി യൂഹാനോനെയും ഫീനിയാസിനെയും ക്ഷണിച്ചു. ത്രിത്വവിശ്വാസത്തെ പിൻതുണയ്ക്കുന്ന ഹീബ്രു ബൈബിളിലെ ഖണ്ഡികകളെ കേന്ദ്രീകരിച്ചായിരുന്നു സംവാദം. കാലിഫ് ക്രിസ്ത്യാനികളുടെ ത്രിത്വവിശ്വാസത്തെ അംഗീകരിച്ചതിനാൽ ഫിനിയാസ് യൂഹാനോനോട് അത്ഭുതം കാണിക്കുന്നതിനാവശ്യപ്പെട്ടു. യൂഹാനോൻ ഒരു ഭൂതത്തെ പുറത്താക്കി, ഫിനിയാസിന് സംസാരശേഷി നഷ്ടപ്പെട്ടു, വിഷം കുടിച്ചിട്ടും യൂഹാനോന് ഒരു ഉപദ്രവവുമുണ്ടായില്ല.; മാത്രമല്ല മരിച്ച കാലിഫിന്റെ മകളെ യൂഹാനോൻ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നു. കാലിഫ് അത്ഭുതത്തോടും ഭയത്തോടുകൂടെ ക്രിസ്ത്യാനികളുടെ നേരെയുള്ള സമീപനത്തിൽ മാറ്റം വരുത്തി. അവരുടെ വിശ്വാസമനുസരിച്ച് പരസ്യമായി അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനുത്തരവായി, നികുതികളിൽനിന്ന് ക്രിസ്ത്യാനികളെ ഒഴിവാക്കി, തന്റെ സാമ്രാജ്യത്തിലെല്ലാം ദൈവാലയങ്ങൾ പണിയുന്നതിന് അനുമതി നൽകി. പുരോഹിതനായ യൂഹാനോന്റെ ഓർമ്മ സുറിയാനി സഭ ജനുവരി 31, ഫെബ്രുവരി 14 എന്നീ തീയതികളിൽ ആചരിക്കുന്നു.

# 18. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായ സിസിനിയസ്

**(എ.ഡി. ? - 427)**

സിസിനിയസ് എലെയയിലെ ഒരു പുരോഹിതനായിരുന്നു (https://en.wikipedia.org/wiki/Sisinnius_I_of_Constantinople). ഉത്തമമായ സുകൃതങ്ങളാലും, നിർമ്മലമായ ജീവിതത്താലും ദാനധർമ്മങ്ങളാലും സിസിനിയസ് അറിയപ്പെട്ടിരുന്നു. കുസ്തന്തീനോസ്പോലിസിലെ പാത്രിയർക്കീസായിരുന്ന അറ്റിക്കസിന്റെ കാലശേഷം കുറെക്കാലത്തേക്ക് സിംഹാസനം ഒഴിഞ്ഞുകിടന്നിരുന്നു. അതിനു കാരണമായത് പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിലുണ്ടായ തർക്കങ്ങളായിരുന്നു. എ.ഡി. 426 ഫെബ്രുവരി മാസത്തിൽ മോർ സിസിനിയസിനെ തിരഞ്ഞെടുത്തതോടുകൂടി നാലുമാസങ്ങളായുണ്ടായിരുന്ന തർക്കങ്ങൾക്ക് പരിഹാരമുണ്ടായി. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ തിയോഡോറ്റസിന്റെ (d. 428) അദ്ധ്യക്ഷതയിൽ തിയൊഡോഷ്യസ് രണ്ടാമൻ ചക്രവർത്തി വിളിച്ചുചേർത്ത കൂടിവരവിലാണ് സിസിനിയസ് വാഴിക്കപ്പെട്ടത്.

എ.ഡി. 427 ഡിസംബർ 24-ാം തീയതി മോർ സിസിനിയസ് കാലംചെയ്തു. സുറിയാനി സഭ കലണ്ടറിൽ ചേർത്തിരിക്കുന്ന സിസിനിയസിന്റെ ഓർമ്മ നവംബർ 23-ാം തീയതി ആചരിക്കുന്നു. ഈ രണ്ടു പേരുകളും ഒരേ വ്യക്തിയെയാണോ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

## 19. നിക്കൊമേദിയയിലെ ഏലുത്രിയസ്

**(നാലാം നൂറ്റാണ്ട്)**

നിക്കൊമേദിയയിലെ സഹചക്രവർത്തിയായ ഡയോക്ലീഷ്യന്റെ സൈന്യത്തിലെ ഒരു പട്ടാളക്കാരനായിരുന്നു ഏലുത്രിയസ് (Butler, 1866). ചക്രവർവർത്തിയുടെ കൊട്ടാരത്തിന് തീവെച്ചുവെന്ന് ആരോപിച്ച് ഏലുത്രിയസിനെയും കൂട്ടുകാരെയും പീഡിപ്പിക്കുകയും പിന്നീട് ചുട്ടുകൊല്ലുകയും ചെയ്തു (http://www.catholic.org/saints/saint.php?saint_id=3082). മറ്റൊരു വിവരണമനുസരിച്ച് ചക്രവർത്തിയുടെ ഒരു ഉദ്യോഗസ്ഥനെ മതം മാറ്റിയെന്നാരോപിച്ച് അറസ്റ്റ് ചെയ്യുകയും കൊലപ്പെടുത്തുകയും ചെയ്തു. വിശുദ്ധ ഏലുത്രിയസിന്റെ ഓർമ്മ സുറിയാനി സഭ ഒക്ടോബർ 2-ാം തീയതി ആചരിക്കുന്നു.

## 20. രക്തസാക്ഷിയായ ശ്മീശാത്തിലെ മോർ യൂസേബിയോസ്

**(ഏ. ഡി. ? - 380?)**

ഏ.ഡി. 325ലെ നിഖ്യാ സുന്നഹദോസിലെ സത്യവിശ്വാസത്തെ മുറുകെ പിടിച്ച മെത്രാപ്പോലീത്തയാണ് ശ്മീസാത്തിലെ (Samosata) മോർ യൂസേബിയോസ്. ഇക്കാരണത്താൽ അറിയോസ് പക്ഷക്കാർ മോർ യൂസേബിയോസിനെ പീഡനങ്ങൾ ഏൽപിക്കുകയും നാടുകടത്തുകയും ചെയ്തു (https://oca.org/saints/lives/2008/06/22/101779-hieromartyr-eusebius-the-Bishop-of-samosata).

അറിയോസ് പക്ഷക്കാരുടെ സംരക്ഷകനായിരുന്ന കോൺസ്റ്റാൻഷ്യസ് ചക്രവർത്തി (ഏ.ഡി. 337–361) അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് വാഴിക്കപ്പെട്ട മോറാൻ മിലിത്തിയോസ് പാത്രിയർക്കീസിന്റെ (d. 381) തെരഞ്ഞെടുപ്പ് സംബന്ധിച്ച സുന്നഹദോസിന്റെ രേഖകൾ മോർ യൂസേബിയോസിന്റെ കൈവശമുണ്ടെന്ന് അറിയുന്നതിന് ഇടയായി. അറിയോസ് പക്ഷക്കാരനാണ് മോറാൻ മിലിത്തിയോസ് എന്നായിരുന്നു ചിലർ കരുതിയിരുന്നത് (Butler, 1866). തെരഞ്ഞെടുപ്പിന്റെ രേഖകൾ കൈമാറുന്നതിന് ചക്രവർത്തി മോർ യൂസേബിയോസിനോട് ആവശ്യപ്പെട്ടു. മോർ യൂസേബിയോസ് അതിനു സമ്മതിച്ചില്ല. അതു കൊടുത്തില്ലെങ്കിൽ വലതുകരം ഛേദിക്കുമെന്ന് ക്രുദ്ധനായ ചക്രവർത്തി ആജ്ഞാപിച്ചു. രണ്ടു കൈകളും നീട്ടിക്കൊണ്ട് മോർ യൂസേബിയോസ് പറഞ്ഞു: ‘‘വെട്ടിക്കളയുക, എന്നാലും ഞാൻ സുന്നഹദോസിന്റെ നിശ്ചയങ്ങൾ കൈമാറുകയില്ല’’. അതിൽ അറിയോസിന്റെ നീചമായ പഠിപ്പിക്കലുകളെ തള്ളിക്കളയുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കോൺസ്റ്റാൻഷ്യസ് ചക്രവർത്തി മെത്രാപ്പോലീത്തായുടെ ധൈര്യം കണ്ട് അത്ഭുതപ്പെട്ടു എന്നാൽ ഉപദ്രവമൊന്നും ഏൽപിച്ചില്ല (https://www.britannica.com/biography/Saint-Eusebius-of-Samosata).

വിശ്വാസത്യാഗിയായ ജൂലിയാന്റെ (ഏ.ഡി. 361–363) ഭരണത്തിൻ കീഴിൽ കൂടുതൽ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവന്നു. വിശുദ്ധ യൂസേബിയോസ് ഒരു പട്ടാളക്കാരന്റെ വേഷം ധരിച്ച് സിറിയ, ഫൊനീഷ്യ പലസ്തീൻ എന്നീ സ്ഥലങ്ങളിലെല്ലാം യാത്രചെയ്തു. ജനത്തെ സത്യവിശ്വാസത്തിൽ നിലനിൽക്കുന്നതിന് ഉത്സാഹിപ്പിച്ചു. വൈദികരില്ലാതിരുന്ന പള്ളികൾക്കായി പുരോഹിതന്മാരെയും ശെമ്മാശന്മാരെയും വാഴിച്ചു. അറിയോസിന്റെ വേദവിപരീതത്തെ ഉപേക്ഷിച്ചവരെ മെത്രാപ്പോലീത്തന്മാരായി പട്ടം കെട്ടി. ത്രാസിൽനിന്ന് ശ്മീശാത്തിലേക്ക് യാത്ര ചെയ്ത സമയത്ത് ധാരാളം മെത്രാപ്പോലീത്തന്മാരെ നിയമിച്ചു. അതിൽ ഉൾപ്പെട്ടവരാ

യിരുന്നു ബെറോയിയയിലെ അക്കേസിയസും (d. 436?) എഡേസ്സയിലെ യൂളോജിയസും.

വേദവിപരീതിയായ ജൂലിയാന്റെ നിര്യാണത്തിനുശേഷം പിൻഗാമിയായ ജോവിയൻ (എ.ഡി. 363–364) നിർമ്മലനായിരുന്നു. അദ്ദേഹം ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് അവസാനിപ്പിച്ചു. നാടുകടത്തപ്പെട്ടിരുന്ന മോറാൻ മിലിത്തിയോസ് മടങ്ങിവരികയും എ.ഡി. 379ൽ മോർ യൂസേബിയോസിന്റെ ഉപദേശപ്രകാരം അന്ത്യോഖ്യായിൽ ഒരു പ്രാദേശിക സുന്നഹദോസ് ചേരുകയും ചെയ്തു. ഇരുപത്തിയേഴ് മെത്രാപ്പോലീത്തന്മാർ പങ്കെടുത്ത ഈ സുന്നഹദോസ് ഒന്നാമത്തെ സാർവ്വത്രിക സുന്നഹദോസിലെ സത്യവിശ്വാസത്തെ ആവർത്തിച്ച് പ്രഖ്യാപിച്ചു.

ജോവിയന്റെ കാലശേഷം അറിയോസ് പക്ഷക്കാരനായ വാലന്റ്റസ് (എ.ഡി. 364–378) അധികാരത്തിൽ വന്നു. സത്യ സുറിയാനി വിശ്വാസികൾ വീണ്ടും പീഡിപ്പിക്കപ്പെട്ടു. മോറാൻ മിലിത്തിയോസ് അർമേനിയയിലേക്കും മോർ പെലാജിയസ് അറേബിയയിലേക്കും മോർ യൂസേബിയേസ് ത്രാസിലേക്കും നാടുകടത്തപ്പെട്ടു. മോർ യൂസേബിയസിനെ അനുകൂലിച്ചിരുന്നവർ അദ്ദേഹത്തിന്റെ തിരിച്ചുവരവിന് മുറവിളികൂട്ടി. എന്നാൽ അധികാരികളെ അനുസരിക്കേണ്ടത് കടമയാണന്ന് ഓർമ്മിപ്പിച്ച മോർ യൂസേബിയോസ് സത്യവിശ്വാസത്തിൽ നിലനിൽക്കുന്നതിന് അവരെ ആഹ്വാനം ചെയ്യുകയും അവരെ ആശിർവദിക്കുകയും ചെയ്തശേഷം നാടുകടത്തപ്പെട്ട സ്ഥലത്തേക്കു പോയി. അറിയോസ് പക്ഷക്കാരനായ യൂണോമിയസ് ശ്മീശാത്തിലെ മെത്രാപ്പോലീത്തയായെങ്കിലും വിശ്വാസികൾ ആ വേദവിപരീതിയെ സ്വീകരിച്ചില്ല. സത്യവിശ്വാസികൾ പള്ളിയിൽ പോകാതിരിക്കുകയും വേദവിപരീതിയായ മെത്രാപ്പോലീത്തയെ കാണുന്നത് ഒഴിവാക്കുകയും ചെയ്തു. അറിയോസ് പക്ഷക്കാരനായ മെത്രാപ്പോലീത്തയ്ക്ക് സത്യവിശ്വാസികളെ ആകർഷിക്കുന്നതിന് കഴിഞ്ഞില്ല.

ഗ്രേഷ്യൻ ചക്രവർത്തി (ഏ.ഡി. 375-383) അധികാരത്തിൽ വന്നപ്പോൾ അറിയോസ് പക്ഷക്കാർ നാടുകടത്തിയ എല്ലാ വൈദിക സ്ഥാനികളെയും തിരികെ കൊണ്ടുവന്നു. മോർ യൂസേബിയോസും ശ്മീശാത്തിലേക്കു തിരികെ വരികയും സഭയെ ശുശ്രൂഷിക്കുന്നതിൽ വ്യാപൃതനാകുകയും ചെയ്തു. ഏ.ഡി. 380ൽ മോർ യൂസേബിയോസ് അറിയോസ് പക്ഷക്കാരുടെ പട്ടണമായ ഡോലിക്കിന (Dolikhina or Dolicha) യിൽ എഴുന്നെള്ളുകയും മോർ മാരിസ് മെത്രാപ്പോലീത്തായെ അവിടെ അവരോധിക്കുകയും ചെയ്തു. എന്നാൽ ഒരു സ്ത്രീ അവളുടെ വീടിന്റെ മേൽക്കുരയിൽനിന്ന് ഒരു ഓട് മോർ യൂസേബിയസിന്റെ തലയിൽ എറിയുകയും ചെയ്തു. എന്നാൽ ആ സ്ത്രീയെ ഉപദ്രവിക്കരുതെന്നാണ് മരണശയ്യയിലായ മെത്രാപ്പോലീത്ത നിർദ്ദേശിച്ചത്. തലക്കേറ്റ മുറിവിനെ തുടർന്ന് കുറച്ചുദിവസത്തിനുശേഷം മോർ യൂസേബിയോസ് മെത്രാപ്പോലീത്ത കാലംചെയ്തു.

മോർ യൂസേബിയോസിന്റെ ഭൗതികശരീരം ഡോളിക്കിൽനിന്ന് ശ്മീശാത്തിലേക്കു കൊണ്ടുപോയി കബറടക്കി. തുടർന്ന് മോർ യൂസേബിയോസിന്റെ സഹോദര (സഹോദരി?) പുത്രനായ അന്തിയോക്കസ് ശ്മീശാത്തിലെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്യുകയും സത്യവിശ്വാസം നിലനിർത്തുകയും ചെയ്തു. രക്തസാക്ഷിയായിത്തീർന്ന മോർ യൂസേബിയോസിന്റെ വിശ്രമമില്ലാത്ത അത്യുത്സാഹത്തെപ്രതി നസിയാൻസനിലെ മോർ ഗ്രീഗോറിയോസ് (d. 389/90) വിശുദ്ധ യൂസേബിയോസിനെ ''സഭയുടെ തൂണെന്നും'' ''ദൈവത്തിന്റെ ദാനമെന്നും'' വിശേഷിപ്പിച്ചിട്ടുണ്ട് (http://www.newadvent.org/cathen/05614c.htm). രക്തസാക്ഷിയായ ശ്മീശാത്തിലെ (Samosata) മോർ യൂസേബിയോസിന്റെ ഓർമ്മ സുറിയാനി സഭ മെയ് 24, ജൂൺ 21 എന്നീ തീയതികളിൽ ആചരിക്കുന്നു.

# 21. അലക്സന്ത്രിയ പാത്രിയർക്കീസായ (ദയാലുവായ) വിശുദ്ധ യൂഹാനോൻ

**(ഏ.ഡി. 555 – 619)**

യൂഹാനോൻ സൈപ്രസ് ദ്വീപിലെ അമാത്തൂസ് പട്ടണത്തിൽ ഉദ്ദേശം ഏ.ഡി. 555ൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവായ എപ്പിഫാനിയസ് സൈപ്രസിലെ ഒരു ഭരണാധികാരിയായിരുന്നു. ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാരുടെ താൽപര്യപ്രകാരം യൂഹാനോൻ വിവാഹിതനായി. ഇദ്ദേഹത്തിന്റെ പത്നിയും രണ്ടു മക്കളും നിര്യാതരായശേഷം യൂഹാനോൻ ഒരു സന്യാസിയായി. ഇദ്ദേഹം ഉപവാസം അനുഷ്ഠിക്കുന്നതിൽ വളരെ തീക്ഷ്ണതയുള്ളവനും പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവനും അയൽക്കാരോട് വളരെ സ്നേഹമുള്ളവനും ആയിരുന്നു (https://oca.org/saints/lives/2000/11/12/103286-st-john-the-merciful-Patriarch-of-alexandria).

അലക്സന്ത്രിയയിലെ പാത്രിയർക്കാ സിംഹാസനം ഒഴിഞ്ഞുകിടന്നപ്പോൾ ഹെരാക്ലിയസ് ചക്രവർത്തിയും എല്ലാ വൈദികരും സന്യാസിയായ യൂഹാനോൻ പാത്രിയർക്കാ സിംഹാസനത്തിലേക്ക് ഉയർത്തപ്പെടുന്നതിന് നിർബന്ധിച്ചു. എന്നാൽ അവശ്യക്കാർക്ക് സഹായം ചെയ്യുന്നതും ധർമ്മപ്രവർത്തികൾ ചെയ്യുന്നതുമാണ് തന്റെ കർത്തവ്യമെന്ന് യൂഹാനോൻ ചിന്തിച്ചു. പിന്നീട് ഏ.ഡി. 608ൽ പാത്രിയർക്കീസായി ശുശ്രൂഷ ആരംഭിച്ചപ്പോൾ തന്റെ പരിചാരകന്മാരോട് അലക്സന്ത്രിയയിലുള്ള ദരിദ്രരുടേയും, അവശ്യക്കാരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും ഒരു പട്ടിക തയ്യാറാക്കി കൊടുക്കുന്നതിന് കല്പിക്കുകയുണ്ടായി (http://sanctoral.com/en/saints/

saint_john_the_almsgiver.html). ഈ ഹതഭാഗ്യർക്ക് സഭയുടെ വരുമാനത്തിൽനിന്നും ഓരോ ദിവസത്തേക്കും അവശ്യമായ കാര്യങ്ങൾ ചെയ്തു കൊടുക്കണമെന്ന് ഉത്തരവിട്ടു.

ഓരോ ആഴ്ചയിലും ബുധൻ, വെള്ളി എന്നീ രണ്ടു ദിവസങ്ങളിൽ പാത്രിയർക്കൽ കത്തീഡ്രലിന്റെ പോർട്ടിക്കോയിൽ ഒരു ബഞ്ചിലിരുന്ന് മോറാൻ യൂഹാനോൻ അവശ്യക്കാരായ ഓരോരുത്തരേയും സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു. തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും അവശ്യക്കാരെ സഹായിക്കുകയും ക്ലേശിക്കുന്നവർക്കും മറ്റു സഹായമാവശ്യമായവർക്കും വേണ്ടതു ചെയ്തു കൊടുക്കുകയും ചെയ്യുമായിരുന്നു. തന്റെ പരിചാരകന്മാർ ഭക്ഷണം കഴിക്കുന്നതിനുമുമ്പ് പ്രശ്നപരിഹാരമുണ്ടാക്കണമെന്നായിരുന്നു നിഷ്കർഷ. ഒരു ദിവസം ഇദ്ദേഹത്തിന്റെ സഹായം ലഭിച്ച ഒരു വ്യക്തി അദ്ദേഹത്തോട് നന്ദി പറയുകയുണ്ടായി. അദ്ദേഹത്തോട് മറുപടിയായി മോർ യൂഹാനോൻ പറഞ്ഞു: ''എന്റെ സഹോദരാ, എന്റെ ദൈവവും രക്ഷിതാവുമായ യേശുക്രിസ്തു രക്തം ചിന്തിയതുപോലെ ഞാൻ നിനക്കുവേണ്ടി രക്തം ചിന്തിയില്ലല്ലോ.'' ഒരിക്കലും അവശ്യക്കാരുടെ മുൻപിൽ നിഷേധാത്മകമായി ഇദ്ദേഹം പെരുമാറിയിരുന്നില്ല. ഒരു ദിവസം രോഗികളെ സന്ദർശിക്കുന്നതിനായി പോകുമ്പോൾ ഒരു ഭിക്ഷക്കാരൻ വന്ന് ആറു വെള്ളി നാണയങ്ങൾ യാചിച്ചു. അതു നൽകിയപ്പോൾ ആ ഭിക്ഷക്കാരൻ പാത്രിയർക്കീസിനു മുൻപേ ഓടി മറ്റൊരു വസ്ത്രം ധരിച്ചു വീണ്ടും ഭിക്ഷ ചോദിച്ചു. വീണ്ടും ആ യാചകന് ആറു വെള്ളി നാണയങ്ങൾ കൊടുത്തു. എന്നാൽ വീണ്ടും ആ യാചകൻ ഭിക്ഷ ചോദിക്കാൻ വന്നപ്പോൾ ശുശ്രൂഷകരായവർ അദ്ദേഹത്തെ ആട്ടിപ്പായിക്കുവാൻ ശ്രമിച്ചു. എന്നാൽ ആ യാചകന് പന്ത്രണ്ട് വെള്ളി നാണയങ്ങൾ നൽകുവാൻ കൽപിച്ചിട്ട് ഇപ്രകാരം പറഞ്ഞു: ''ഒരുപക്ഷേ എന്നെ പരീക്ഷിക്കുന്ന ക്രിസ്തുവായിരിക്കാം ആ മനുഷ്യൻ''.

ആഴ്ചയിൽ മൂന്നു ദിവസം മോർ യൂഹാനോൻ രോഗികളെ സന്ദർശിക്കുകയും ആ കഷ്ടപ്പെടുന്നവർക്ക് സഹായങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു. ഈ കാലഘട്ടത്തിലാണ് ഹെറാക്ലിയസ് ചക്രവർത്തി, പേർഷ്യൻ ചക്രവർത്തിയായ കൊസ്റോസ് രണ്ടാമനെതിരായി ഒരു വലിയ സൈനിക നീക്കം നടത്തിയത്. പേർഷ്യക്കാർ അക്രമാസക്തരായി യെരുശലേം കത്തിക്കുകയും ധാരാളം ആളുകളെ ബന്ധികളാക്കുകയും ചെയ്തു. അവരുടെ മോചനത്തിനായി മോർ യൂഹാനോൻ പാത്രിയർക്കീസ് സഭയുടെ ധനത്തിന്റെ ഒരു വലിയ പങ്ക് മോചനദ്രവ്യമായി നൽകുകയുണ്ടായി.

ദയാലുവായ വിശുദ്ധ യൂഹാനോൻ (St. John, the Merciful) മനുഷ്യരോടുള്ള സ്നേഹസമ്പൂർണ്ണമായ മനോഭാവത്താൽ വളരെ അറിയപ്പെട്ടവനായിരുന്നു. ഏതോ കാരണത്താൽ ഒരിക്കൽ രണ്ടു പുരോഹിതന്മാരെ സഭയിൽ നിന്ന് കുറച്ചുകാലത്തേക്ക് പുറത്താക്കുന്നതിന് മോർ യൂഹാനോൻ നിർബന്ധിതനായി. അവരിൽ ഒരാൾ അനുതപിക്കുകയും മറ്റേയാൾ പാത്രിയർക്കീസിനോടു ദേഷ്യപ്പെടുകയും കൂടുതൽ പാപങ്ങളിലേക്ക് വീഴുകയും ചെയ്തു. വിശുദ്ധ യൂഹാനോൻ അദ്ദേഹത്തെ വിളിച്ച് നല്ല വാക്കുകൾ പറഞ്ഞ് ശാന്തതപ്പെടുത്തണമെന്ന് ആഗ്രഹിച്ചിരുന്നുവെങ്കിലും അത് ചെയ്യുന്നതിന് അദ്ദേഹം മറന്നുപോയി. വിശുദ്ധ ബലി അർപ്പിക്കുന്ന സമയത്ത് സുവിശേഷത്തിലെ വാക്യങ്ങൾ വിശുദ്ധന്റെ ഓർമ്മയിൽ വന്നു: ‘‘ആകയാൽ ബലിപീഠത്തിങ്കൽ വഴിപാട് അർപ്പിക്കുവാൻ കൊണ്ടുവരുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുള്ളതായി നിനക്കോർമ്മ വരുന്നുവെങ്കിൽ വഴിപാട് അവിടെ ബലിപീഠത്തിന് മുമ്പിൽ വച്ചിട്ട് നീ പോയി ആദ്യമേ സഹോദരനോട് രമ്യപ്പെടുക. പിന്നീട് വന്ന് വഴിപാട് അർപ്പിക്കുക’’(മത്തായി 5:23-24). ഈ വിശുദ്ധൻ മദ്ബഹായിൽനിന്നും പുറത്തുവന്ന് തന്നോട് കയർത്തു സംസാരിച്ച വൈദികന്റെ മുമ്പിൽ മുട്ടുകുത്തി എല്ലാ ജനവും കാൺകെ ക്ഷമ ചോദിച്ചു. പശ്ചാത്താപ

വിവശനായി ആ വൈദികൻ സ്വയം തിരുത്തുകയും പിന്നീട് വൈദികസ്ഥാനത്തേക്ക് വീണ്ടും നിയമിക്കുക യും ചെയ്തു.

ഒരിക്കൽ കുസ്തന്തീനോസ്പോലീസിലെ ചക്രവർത്തിയെ സന്ദർശിക്കുന്നതിനായി ഗവർണർ നിസിറ്റാസിനെ അനുഗമിക്കുന്നതിനായി വിശുദ്ധ യൂഹാനോനെ നിർബന്ധിക്കുകയുണ്ടായി. ചക്രവർത്തിയെ സന്ദർശിക്കുന്നതിനുള്ള യാത്രയിൽ ഒരു സ്വപ്നത്തിൽ തേജസ്സുള്ള ഒരു മനുഷ്യൻ വിശുദ്ധ യൂഹാനോനോട് ഇപ്രകാരം പറഞ്ഞു: ''രാജാക്കന്മാരുടെ രാജാവ് നിന്നെ വിളിക്കുന്നു''. തുടർന്ന് സൈപ്രസ് ദ്വീപിലേക്ക് യാത്രചെയ്യുകയും മുട്ടിന്മേൽ പ്രാർത്ഥനാനിരതനായിരിക്കെ അമൻത്തോസിൽവച്ച് എ.ഡി. 619ൽ (64–ാം വയസ്സിൽ) കാലം ചെയ്യുകയും ചെയ്തു. (http://antiochPatriarchate.org/en/page/john-the-merciful-Patriarch-of-alexandria/865/). ദയാലുവായ വിശുദ്ധ യൂഹാനോന്റെ ഓർമ്മ നവംബർ 12–ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 22. വിശുദ്ധ മാർത്ത

### (എ.ഡി. ? – 551)

വിശുദ്ധ മാർത്ത തൂണിന്മേൽ തപസിയായിരുന്ന ശിമയോന്റെ (ഇളയവൻ) അമ്മയാണ്. മാർത്ത അന്ത്യോഖ്യായിൽ ജനിച്ചു. ചെറിയ പ്രായത്തിൽ തന്നെ സന്യാസിയാകണമെന്നാഗ്രഹിച്ചിരുന്നെങ്കിലും മാതാപിതാക്കന്മാർ അവളെ വിവാഹത്തിനായി പ്രേരിപ്പിച്ചു. വിവാഹത്തിനു ശേഷം ഏറെ താമസിയാതെ ഭർത്താവായ യൂഹാനോൻ നിര്യാതനായി. പുണ്യവതിയായ മാർത്ത തന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് മകനെ വളർത്തിക്കൊണ്ടുവന്നു. ഉന്നതമായ ക്രിസ്തീയ മൂല്യങ്ങളനുസരിച്ച് മകനെ

വളർത്തുന്നതിന് മാർത്ത ഒരു ഉത്തമ മാതൃകയായിരുന്നു. ദൈവാലയം സന്ദർശിക്കുകയും ആരാധനകളിൽ സംബന്ധിക്കുകയും വിശുദ്ധ കുർബാന ഒരുക്കത്തോടുകൂടെ സ്വീകരിക്കുകയും ചെയ്യുന്ന പതിവ് മാർത്തയ്ക്കുണ്ടായിരുന്നു.

രാത്രിയാമങ്ങളിൽ എഴുന്നേറ്റ് നിഷ്ഠയോടും കണ്ണുനീരോടും കൂടെ വിശുദ്ധ മാർത്ത പ്രാർത്ഥിക്കുമായിരുന്നു. വിശുദ്ധ യൂഹാനോൻ സ്നാപകന്റെ മദ്ധ്യസ്ഥത മാർത്തയ്ക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. പ്രത്യേക മദ്ധ്യസ്ഥനെന്ന നിലയിൽ കർത്താവിന്റെ മുന്നോടിയായ യൂഹാനോൻ പലപ്പോഴും മാർത്തയ്ക്ക് പ്രത്യക്ഷപ്പെട്ടിരുന്നു. വിശുദ്ധ മാർത്ത അഗതികളെ സഹായിക്കുകയും അവർക്ക് ഭക്ഷണവും വസ്ത്രവും നൽകുകയും വൃദ്ധരായവരെ സന്ദർശിക്കുകയും രോഗികളെ പരിചരിക്കുകയും മരിച്ചവരെ കബറടക്കുകയും മാമോദീസായ്ക്കു വരുന്നവർക്ക് സ്വന്തം കൈകൾകൊണ്ട് മാമോദീസാ വസ്ത്രം ഉണ്ടാക്കികൊടുക്കുകയും ചെയ്യുമായിരുന്നു.

വിശുദ്ധ മാർത്ത വിശുദ്ധവും നിർമ്മലവുമായ ജീവിതത്തിന് ഒരു ഉത്തമ മാതൃകയായിരുന്നു. അതിനാൽ അനേകരെ രക്ഷയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിന് അവൾക്ക് സാധിച്ചു. അവളുടെ മകൻ ശിമയോൻ ഒരു പ്രസിദ്ധ സന്യാസി (തൂണിന്മേൽ തപസ്സി) യായിത്തീർന്നപ്പോൾ സ്വയപരിശ്രമത്തെ ഉയർത്തികാണിക്കരുതെന്ന് മകനോട് നിർദ്ദേശിക്കുകയും സകലത്തിനും ദൈവത്തെ മഹത്വപ്പെടുത്തണമെന്ന് ഉപദേശിക്കുകയും ചെയ്തു.

വിശുദ്ധ മാർത്തയുടെ മരണസമയം അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തു (https://oca.org/saints/lives/2008/07/04/101895-venerable-martha-the-mother-of-the-venerable-simeon-stylites-the). ഏ. ഡി. 551ൽ വിശുദ്ധ മാർത്ത നിര്യാതയാകുകയും അവളുടെ മൃതദേഹം തൂണിന്മേൽ തപസി യായ തന്റെ മകന്റെ പ്രവർത്തനങ്ങൾ നടന്ന സ്ഥലത്തു തന്നെ കബറടക്കുകയും ചെയ്തു (http://enacademic.com/

dic.nsf/enwiki/11702887). വിശുദ്ധ മാർത്തയുടെ ഓർമ്മ ജൂലൈ 6–ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

**കുറിപ്പ്:** അഗ്രജനായ (Elder) തൂണിന്മേൽ തപസിയായിരുന്ന മോർ ശിമയോന്റെ കാലഘട്ടം ഏ.ഡി. 390 മുതൽ 459 വരെയാണ്.

## 23. സന്യാസിയും രക്തസാക്ഷിയുമായ വിശുദ്ധ സാബാസ്

**(ഏ. ഡി. 334 – 372)**

സാബാസ് ഉദ്ദേശം ഏ.ഡി. 334ൽ ബുസാവ് നദീ താഴ്‌വരയിൽ ജനിച്ചു. (http://freya.theladyofthelabyrinth.com/?page_id=646). ഏ.ഡി. 370ൽ ഗോത്തിക് രാജാവായ അത്തനാറിക് ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനാരംഭിച്ചു. ക്രിസ്ത്യാനികൾക്ക് സ്വീകാര്യമല്ലാത്ത മതപരമായ ചടങ്ങുകൾ നടത്തുന്നതിന് ഉത്തരവുണ്ടായി. ഗോത്തിക് വംശജരല്ലാത്തവരായതിനാൽ ക്രിസ്ത്യാനികൾ ആ സമൂഹത്തിൽനിന്ന് വേർതിരിക്കപ്പെടുന്നതിനായിട്ടും ആ സമൂഹത്തിന്റെ പൊതു നന്മയിൽ താൽപര്യമില്ലാത്തവരെന്നു മുദ്രകുത്തപ്പെടുന്നതിനായിട്ടും ആയിരുന്നു ഇപ്രകാരം ചെയ്തത്. ക്രിസ്ത്യാനികളല്ലാത്ത അയൽക്കാരുമായി ശത്രുത ഉണ്ടാക്കുന്നതിനുള്ള ഒരു ഉപായമായിട്ടാണ് അത്തനാറിക് ഈ അവസരത്തെ കണ്ടത്.

വിശുദ്ധ നെസിറ്റാസും സാബാസും അവിടെ ജീവിച്ചിരുന്നു. സാബാത്ത് ഗോത്തിക് വംശത്തിലാണ് ജനിച്ചതെങ്കിലും യൗവ്വനത്തിൽ തന്നെ ക്രിസ്ത്യാനിയായിത്തീർന്നിരുന്നു. അപ്പോസ്തോലന്മാരെപോലെ അനുസരണവും സൗമ്യതയും താഴ്മയും മറ്റു സ്വഭാവ വൈശിഷ്ട്യവും അദ്ദേഹം അനുകരിച്ചിരുന്നു. തീക്ഷ്ണതയുള്ളവനും പ്രവർത്തനോന്മുഖനുമായിരുന്നുവെങ്കിലും സാബാസ്

സത്യത്തെ സ്നേഹിക്കുന്നവനും മിതഭാഷിയും എല്ലാവരാലും ആദരിക്കപ്പെടുന്നവനുമായിരുന്നു. സാബാസിന് ഏറ്റവും സന്തോഷമുള്ള കാര്യങ്ങളായിരുന്നു ദൈവാലയത്തിലെ സ്തുതിഗീതങ്ങൾ ആലപിക്കുന്നതും മദ്ബഹാ അലങ്കരിക്കുന്നതും (Butler, 1866).

സാബാസ് പലപ്പോഴും രാവും പകലും പ്രാർത്ഥനയിൽ ചിലവഴിക്കുകയും അനുതാപത്തിന്റെ ക്രിയകളിൽ വ്യാപൃതനാകുകയും ചെയ്യുമായിരുന്നു. വിഗ്രഹങ്ങൾക്ക് നിവേദിച്ച ഇറച്ചി ഭക്ഷിക്കുന്നതിന് ക്രിസ്ത്യാനികൾ നിർബന്ധിക്കപ്പെട്ടിരുന്നു. എന്നാൽ ക്രിസ്ത്യാനികളുമായി നല്ല ബന്ധങ്ങൾ പുലർത്തിയിരുന്ന ചില വിഗ്രഹാരാധനക്കാർ അവരെ രക്ഷിക്കുന്നതിനായി വിഗ്രഹങ്ങൾക്കു നിവേദിക്കാത്ത ഇറച്ചി ഭക്ഷിക്കുന്നതിന് കൊടുക്കുന്നതിനായി രാജാവിന്റെ ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുകയുണ്ടായി. സാബാസ് അപ്രകാരമുള്ള ഗൂഢാലോചനയെ എതിർക്കുകയും അങ്ങനെ ചെയ്യുന്നവർ സത്യവിശ്വാസം ഉപേക്ഷിച്ചതായി പരിഗണിക്കുമെന്നും പ്രഖ്യാപിച്ചു. സാബാസിനെ പട്ടണത്തിൽനിന്ന് പുറത്താക്കിയെങ്കിലും കുറച്ചുനാളുകൾക്കുശേഷം തിരിച്ചുവരുന്നതിന് അനുവദിച്ചു. അടുത്ത വർഷം രാജാവിന്റെ ഒരു പ്രതിനിധി സാബാസിന്റെ പട്ടണത്തിൽ വന്നു ക്രിസ്ത്യാനികളെ അന്വേഷിച്ച് വരികയുണ്ടായി. അവിടെ താമസിച്ചിരുന്ന ചിലർ അവിടെ ക്രിസ്ത്യാനികളില്ലെന്ന് ആണയിട്ട് പറയാമെന്ന് പറഞ്ഞുവെങ്കിലും സാബാസ് ഇപ്രകാരം പ്രതികരിച്ചു: ‘‘എനിക്കുവേണ്ടി ആരും ആണയിടേണ്ട; എന്തെന്നാൽ ഞാനൊരു ക്രിസ്ത്യാനിയാണ്.’’ സാബാസ് ഹാജരാകുന്നതിന് ഉത്തരവുണ്ടാകുകയും സാബാസ് ധൈര്യത്തോടെ ഹാജരാകുകയും ചെയ്തു. ഉദ്യോഗസ്ഥൻ കൂടെനിന്നവരോട് ഇവനെന്തുമാത്രം സമ്പത്തുണ്ട് എന്നു ചോദിച്ചു. അവർ മറുപടിയായി ഇപ്രകാരം പറഞ്ഞു: ‘‘അവന്റെ വസ്ത്രങ്ങളല്ലാതെ അവന് മറ്റൊന്നുമില്ല.’’ ഉദ്യോഗസ്ഥൻ നിന്ദിച്ചുകൊണ്ട് പറഞ്ഞു: ‘‘അങ്ങനെയുള്ള വ്യക്തിക്ക് നമ്മോട് നന്മയൊ തിന്മയൊ ചെയ്യുന്നതിന് കഴിയുകയില്ല.’’

ഏ.ഡി. 372ലെ ഉയിർപ്പിനു മുമ്പ് കൂടുതൽ വൈരാഗ്യത്തോടുകൂടെ പീഡനങ്ങൾ പുനഃരാരംഭിച്ചു. ഒരു രാത്രിയിൽ സാബാസിനെ കിടക്കയിൽനിന്ന് വലിച്ചിറക്കി നഗ്നനാക്കി വലിച്ചിഴച്ചു. പ്രഭാതമായപ്പോൾ തന്നെ പീഡിപ്പിച്ചവരോട് സാബാസ് പറഞ്ഞു: ''കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ നിങ്ങൾ എന്നെ നഗ്നനാക്കി വലിച്ചിഴച്ചില്ലേ? നോക്കൂ എന്റെ കാലുകളിൽ മുറിവുകളുണ്ടായിട്ടുണ്ടോ? നിങ്ങൾ എന്നെ അടിച്ച അടയാളങ്ങൾ ദേഹത്ത് കാണുന്നുണ്ടോ?'' അവർക്ക് ഒരു അടയാളവും കാണുന്നതിന് കഴിഞ്ഞില്ല. അടുത്ത ദിവസം അത്തനാറിഡസ് രാജാവ് സാബാസിന്റെ കൈകൾ കെട്ടി കെട്ടിടത്തിന്റെ തട്ടിൽനിന്നു തൂക്കിയിടാൻ കൽപ്പിച്ചു. പിന്നീട് സേവകരോട് സാബാസിനെ ചുമന്നുകൊണ്ട് പോയി വിഗ്രഹങ്ങൾക്ക് നിവേദിച്ച ഇറച്ചി നൽകുന്നതിന് ആജ്ഞാപിച്ചു. സാബാസ് പറഞ്ഞു: ''ഈ വിനാശകരമായ ഇറച്ചി ഇതുകൊടുത്തയച്ച അത്തനാറഡസിനെപ്പോലെ അശുദ്ധവും നിരോധിക്കപ്പെട്ടതുമാണ്''. രാജാവിന്റെ അടിമ സാബാസിനെ മർദ്ദിച്ചെങ്കിലും സാബാസിന് വേദന അനുഭവപ്പെട്ടില്ല. ഇതെല്ലാം ഗ്രഹിച്ച അത്തനാറിഡസ് സാബാസിനെ വധിക്കുന്നതിന് ഉത്തരവിട്ടു.

ഉദ്ദേശം ഏ.ഡി. 372 ഏപ്രിൽ 12-ാം തീയതി സാബാസിനെ നദിയിലെറിയുകയും വെള്ളത്തിൽ കഴുത്തുഞെരിച്ചുകൊല്ലുകയും ചെയ്തു. ആ ദേശത്തെ ക്രിസ്ത്യാനികൾ രക്തസാക്ഷിയായ സാബാസിന്റെ ഭൗതിക ശരീരം കപ്പോദോക്കിയയിലേക്ക് കൊണ്ടുപോയി. വിശുദ്ധ സാബായുടെ (സാബാസ്)ഓർമ്മ സുറിയാനി സഭ ഏപ്രിൽ 13-ാം തീയതി ആചരിക്കുന്നു.

# 24. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ അത്താനാസിയോസ് രണ്ടാമൻ

**(എ.ഡി. ? – 686)**

അത്താനാസിയോസ് ടൈഗ്രിസ് നദിയുടെ വലതു വശത്തെ തീരത്തുള്ള മെസപ്പൊട്ടോമിയയിലെ ബലാദ് പട്ടണത്തിൽ ജനിച്ചു ഇദ്ദേഹം തന്റെ സ്നേഹിതനായ യാക്കോബിനോടുകൂടെ കെന്നശ്രീൻ ദയറായിലെ മോർ സേവേറിയോസ് സബൂക്ത്തിന്റെ (d. 667) കീഴിൽ ശാസ്ത്രവും, സുറിയാനി, ഗ്രീക്ക് ഭാഷകളും അഭ്യസിച്ചു (Wright, 1894). ഇദ്ദേഹം പിന്നീട് അന്ത്യോഖ്യയ്ക്ക് സമീപമുള്ള ബെത്ത് മൽക്കെ ദയറായിലേക്ക് മാറി താമസിക്കുകയും (Aprhem I, 2003) സന്യാസവൃതം സ്വീകരിക്കുകയും ചെയ്തു. അത്താനാസിയോസ് എ.ഡി. 645ൽ തത്വശാസ്ത്രം പഠിക്കുകയും ഗ്രീക്കു ഭാഷയിലുള്ള ദൈവശാസ്ത്ര പുസ്തകങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും സുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു.

അത്തനാസിയോസ് പിന്നീട് വൈദികനാകുകയും നിസിബിസിലേക്ക് മാറിത്താമസിക്കുകയും ഗ്രീക്കു ഭാഷയിലുള്ള ഗ്രന്ഥങ്ങൾ സുറിയാനി ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്ന പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു. അലപ്പൊയിലെ മെത്രാപ്പോലീത്തയായ മോർ മത്തായിയുടെയും എഡേസ്സയിലെ മെത്രാപ്പോലീത്തയായ മോർ ദാനിയേലിന്റെയും അഭ്യർത്ഥന പ്രകാരം കൈസര്യയിലെ മോർ ബസ്സേലിയോസ് രചിച്ച ഹെക്സാമറോൻ (*Book of the six days*) എ.ഡി. 666–667 കാലഘട്ടത്തിൽ വിവർത്തനം ചെയ്തു. പിന്നീട് അന്ത്യോഖ്യയിലെ മഹാനായ മോറാൻ സേവേറിയോസിന്റെ നിരവധി കത്തുകളും എ.ഡി. 669ൽ വിവർത്തനം ചെയ്തു. ഇവയിലെല്ലാം 'നിസിബിലെ

അത്താനാസിയോസ്' എന്ന തൂലികാനാമമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവ കൂടാതെ നസിയാൻസനിലെ ഗ്രീഗോറിയോസ്, അറിയാപാഗോസിലെ ദീവന്നാസിയോസ് എന്നിവരുടെ ധർമ്മോപദേശങ്ങളും മോർ അത്താനാസിയോസ് വിവർത്തനം ചെയ്തിട്ടുണ്ട്.

മോർ അത്തനാസിയോസ് ഏ.ഡി. 683ന്റെ അവസാനത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. മുസ്ലീമുകളുമായി ക്രിസ്ത്യാനികൾ എങ്ങനെ പെരുമാറണമെന്നതിനെ സംബന്ധിച്ച് നാലു കാനോനുകൾ ഇദ്ദേഹം പ്രസിദ്ധീകരിച്ചു. ഏ.ഡി. 684ൽ തന്റെ സ്നേഹിതനായ യാക്കോബിനെ എഡേസ്സായിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. വിശുദ്ധ കുർബ്ബാനയിലുപയോഗിക്കുന്ന മൂന്നു പ്രാർത്ഥനകൾ ഇദ്ദേഹം രചിച്ചിട്ടുള്ളതാണ്. അവയിൽ ആദ്യത്തേത് ഇപ്രകാരം ആരംഭിക്കുന്നു. ''തന്റെ ശരീരത്താൽ തന്റെ ആട്ടിൻകൂട്ടത്തെ പോഷിപ്പിച്ച നല്ല ഇടയനു സ്തുതി....'' രണ്ടാമത്തേത് ''നാഥാ, നിന്നാൽ സകലവും സൃഷ്ടിക്കപ്പെടുകയും നിലനിൽക്കുകയും ചെയ്യുന്നു....'' മൂന്നാമത്തേത്: ''വചനവും അത്യുന്നതനുമായ ദൈവമേ...'' (Aphrem I, 2003, p. 333). ഇദ്ദേഹം പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ഏതാനും സെദറാകളും രചിച്ചിട്ടുണ്ട്. ഏ.ഡി. 686ന്റെ അവസാനത്തിൽ മോറാൻ അത്തനാസിയോസ് രണ്ടാമൻ കാലംചെയ്തു. ഇദ്ദേഹത്തിന്റെ ഓർമ്മ ജൂലൈ 27, സെപ്തംബർ 11 എന്നീ തീയതികളിൽ സുറിയാനി സഭ ആചരിക്കുന്നു.

# 25. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ഏലിയാസ് (ഏലിയ) ഒന്നാമൻ

(ഏ.ഡി. 641-723)

ഏലിയാസ് ഏ.ഡി. 641 ൽ ഒരു ഗ്രീക്ക് ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ചു. പിന്നീട് സുറിയാനി ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചു (Aphrem I, 2003). ഈ മാറ്റത്തിനു കാരണരായത് അന്ത്യോഖ്യായുടെ മോറാൻ സേവേറിയോസ് പാത്രിയർക്കീസിന്റെ ഗ്രന്ഥങ്ങളുടെ പഠനങ്ങളായിരുന്നു.

എഡേസ്സായ്ക്കു സമീപമുള്ള ഗുബ്ബബറായ ദയറായിൽ ചേർന്ന് സന്യാസവ്രതം സ്വീകരിച്ചു. ഏ.ഡി. 691ൽ അപേമിയയിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. പതിനെട്ടുവർഷം ഒരു മെത്രാപ്പോലീത്തായെന്ന നിലയിൽ സഭയെ ശുശ്രൂഷിച്ചു (Wright, 1894). പാത്രിയർക്കീസായിരുന്ന മോറാൻ ജൂലിയാൻ രണ്ടാമൻ (ഏ.ഡി. 686-708) കാലംചെയ്തതിനെ തുടർന്ന് ഏ.ഡി. 709ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി മോറാൻ ഏലിയാസ് സ്ഥാനാരോഹണം ചെയ്തു.

ഏ.ഡി. 721ൽ അന്ത്യോഖ്യാ പട്ടണത്തിൽ ഒരു പള്ളി പണിയുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകുകയും ആ പള്ളി കൂദാശ ചെയ്യുകയും ചെയ്തു. ഏ.ഡി. 722ൽ സർമദയിൽ മറ്റൊരു പള്ളിയും സ്ഥാപിക്കുകയുണ്ടായി. ഏ.ഡി. 723ൽ എൺപത്തിരണ്ടു വയസ്സുള്ളപ്പോൾ മോറാൻ ഏലിയാസ് പാത്രിയർക്കീസ് കാലംചെയ്തു.

# 26. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ തിയൊഡോഷ്യസ്

**(എ.ഡി. ? – 896)**

തിയോഡോഷ്യസ് ഇറാക്കിലെ തിക്രിറ്റിലാണ് ജനിച്ചത്. ഇദ്ദേഹത്തിന്റെ ആദ്യത്തെ പേര് റൊമാനസ് എന്നായിരുന്നു. ഇദ്ദേഹം കർത്ത്മീൻ ദയറായിൽ പഠിക്കുകയും സന്യാസിയാകുകയും ചെയ്തു (Aphrem I, 2003; Wright, 1894). തിയൊഡോഷ്യസ് ഒരു ഭിഷഗ്വരനായിരുന്നു. വൈദ്യത്തെ സംബന്ധിക്കുന്ന ഒരു രചനയും ഇദ്ദേഹത്തിന്റേതായിട്ടുണ്ട്.

മോർ തിയൊഡോഷ്യസ് എ.ഡി. 887ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. മോറാൻ തിയോഡോഷ്യസ് മുപ്പത്തിരണ്ടു മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും വാഴിച്ചിട്ടുണ്ട്. മോറാൻ തിയൊഡോഷ്യസിന്റെ മൂന്ന് പ്രധാന രചനകളാണ്: (1) ദൈവഭവനത്തിലെ മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ, (2) പൈത്തഗോറസിന്റെ നൂറ്റിപന്ത്രണ്ട് തത്വങ്ങളെ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം, (3) അറബി ഭാഷയിലുള്ള സുന്നഹദോസിനെ പ്രതിപാദിക്കുന്ന ഒരു ലേഖനവും നോമ്പിലെ ഒരു ധർമ്മോപദേശവും. മോറാൻ തിയോഡോഷ്യസ് പാത്രിയർക്കീസ് തന്റെ സ്വർഗ്ഗീയ വാസസ്ഥലത്തേക്ക് എ.ഡി. 896ൽ യാത്രയായി.

# 27. തൂണിന്മേൽ തപസിയായ (ഇളയവനായ) വിശുദ്ധ ശെമവൂൻ

**(എ.ഡി. 521 - 596)**

തൂണിന്മേൽ തപസിയായ (ഇളയവനായ) മോർ ശെമവൂൻ അന്ത്യോഖ്യയിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് എഡേസ്സായിൽ നിന്നുള്ളവനായിരുന്നു (Smith & Wace, 1887). മാതാവായ മാർത്തയുടെ സ്വദേശം അന്ത്യോഖ്യയായിരുന്നു.

വളരെ ചെറിയ പ്രായത്തിൽ തന്നെ ശെമവൂൻ ദയറായിൽ ചേർന്നു. യൂഹാനോൻ എന്ന തൂണിന്മേൽ തപസി ദയറാ തലവനായ ഒരു സന്യാസസമൂഹത്തിലാണ് ശെമവൂൻ ചേർന്നത് ((https://en.wikipedia.org/wiki/Simeon_Stylites_the_Younger). അറുപത്തെട്ട് വർഷം ഒരു തൂണിന്മേൽ ശെമവൂൻ തപസനുഷ്ഠിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. എട്ട് വർഷം, ഗുരുവായ യൂഹാനോന്റെ മരണം വരെ അദ്ദേഹത്തിന്റെ തൂണിടുത്താണ് ശെമവൂൻ നിന്നിരുന്നത്. എ.ഡി. 459ൽ കാലംചെയ്ത ശെമവൂൻ ദെസ്തൂനയുടെ താപസരീതികൾ തന്നെയായിരുന്നു ഇളയവനായ മോർ ശെമവൂനും അനുവർത്തിച്ചിരുന്നത്.

മോർ യൂഹാനോന്റെ കാലശേഷം പൂർണ്ണമായ താപസരീതികളിൽ ശെമവൂൻ വ്യാപൃതനായി. എവാഗ്രിസിന്റെ വിവരണമനുസരിച്ച് ദയറാ നിന്നിരുന്ന തിയൊപൊലീസിനുടുത്തുള്ള ഒരു ഇനം കുറ്റിച്ചെടിയുടെ ശിഖിരങ്ങളാണ് മോർ ശെമവൂൻ ഭക്ഷിച്ചിരുന്നത്. ഒരു വൈദികനായി പട്ടം കിട്ടിയിരുന്നതിനാൽ തന്റെ മാതാവിനുവേണ്ടി വിശുദ്ധ ബലി അർപ്പിക്കുന്നതിന് ശെമവൂന് സാധിക്കുമായിരുന്നു.

വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിനായി ശെമവൂൻ തപസനുഷ്ഠിച്ചിരുന്ന തൂണിന്മേൽ ശിഷ്യന്മാർ ഗോവണി ഉപയോഗിച്ച് ഓരോരുത്തരായി കയറുമായിരുന്നു. മറ്റു തൂണിന്മേൽ തപസ്സികളെപോലെ അനവധി അത്ഭുതങ്ങൾ മോർ ശെമവൂൻ പ്രവർത്തിച്ചിട്ടുള്ളതായി വിശ്വസിക്കപ്പെടുന്നു. പ്രവചനവരവും മോർ ശെമവൂന് ഉണ്ടായിരുന്നു (Smith & Wace, 1887).

വിശുദ്ധ ശെമവൂന്റെ അന്ത്യകാലത്ത് അന്ത്യോഖ്യക്ക് സമീപം 'അത്ഭുതങ്ങളുടെ മല' (Hill of wonders) എന്നറിയപ്പെട്ട ഒരു മലഞ്ചരിവിലായിരുന്നു ഈ വിശുദ്ധന്റെ തൂണ് സ്ഥിതി ചെയ്തിരുന്നത്. ഏ.ഡി. 596ൽ ഈ സ്ഥലത്തുവച്ചാണ് വിശുദ്ധ ശെമവൂൻ അന്ത്യവിശ്രമത്തിലേക്ക് പ്രവേശിച്ചത്.

# 28. ഏകാന്തവാസിയായ വിശുദ്ധ മർക്കോസ്

### (നാല്/ അഞ്ച് നൂറ്റാണ്ട്)

അഞ്ചാം നൂറ്റാണ്ടിൽ ജീവിക്കുന്ന ഒരു വിശുദ്ധനും സന്യാസിയും ദൈവശാസ്ത്രജ്ഞനുമായിരുന്നു മർക്കോസ് (https://www.revolvy.com/main/index.php?s=Mark%20the%20Hermit&item_type=topic).

സന്യാസികൾ നയിക്കേണ്ട ആത്മീയ ജീവിതത്തെക്കുറിച്ചായിരുന്നു മർക്കോസിന് ഏറെ താൽപര്യമുണ്ടായിരുന്നു. ഇദ്ദേഹം സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസിന്റെ ശിഷ്യനായിരുന്നു. ഇദ്ദേഹം അന്ത്യോഖ്യൻ കലാശാലയിൽനിന്നും വിദ്യാഭ്യാസം നേടിയതായി കരുതപ്പെടുന്നു.

സന്യാസിയായ മർക്കോസിന്റെ കാലഘട്ടത്തെ സംബന്ധിച്ചും രചനകളെ സംബന്ധിച്ചും പല സിദ്ധാന്തങ്ങ

ളും ഉണ്ടായിട്ടുണ്ട്. പലസ്തീന് കിഴക്കുള്ള മരുഭൂമിയിൽ ഇദ്ദേഹം ജീവിച്ചിരുന്നതായി കരുതപ്പെടുന്നു (Eapen, 2006). ഇദ്ദേഹം നെസ്തോറിയസിന്റെ കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. ഇദ്ദേഹം മാമോദീസ, അനുതാപം, നെസ്തോറിയസിന്റെ പഠിപ്പിക്കലിന് എതിരായും എഴുതിയിട്ടുണ്ട്. മാമോദീസായിലൂടെ ലഭ്യമാകുന്ന ദൈവകൃപയെ സംബന്ധിച്ചും പ്രലോഭനങ്ങളുടെ സ്വഭാവത്തെ വിശകലനം ചെയ്തും ഇദ്ദേഹം എഴുതിയിട്ടുണ്ട്. കൽക്കിദൂൻ സുന്നഹദോസിന് (ഏ.ഡി. 451) മുൻപായി ഇദ്ദേഹം കാലംചെയ്തു.

സന്യാസിയായ മർക്കോസിന്റെ ഓർമ്മദിനമായി മാർച്ച് 5–ാം തീയതിയും ഏകാന്തവാസിയായ മർക്കോസിന്റെ ഓർമ്മദിനമായി ഒക്ടോബർ 27–ാം തീയതിയും കലണ്ടറിൽ കാണുന്നുണ്ട് (Rajan, 2004). ഈ രണ്ട് ഓർമ്മദിനങ്ങളും ഒരേ വ്യക്തിയെ അനുസ്മരിച്ചുകൊണ്ടാണോ എന്ന് വ്യക്തമല്ല.

## 29. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ദീവന്നാസിയോസ് രണ്ടാമൻ

**(ഏ.ഡി.? – 909)**

മോറാൻ ദീവന്നാസിയോസ് രണ്ടാമൻ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായി ഏ.ഡി. 896 മുതൽ ഏ.ഡി. 909ൽ കാലം ചെയ്യുന്നതുവരെ സഭാഭരണം നിർവ്വഹിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്യുന്നതിനു മുമ്പ് ഒരു സന്യാസിയായി ബെത്ത് ബാറ്റിൻ ദയറായിൽ പഠനങ്ങൾ പൂർത്തീകരിച്ചു (Aphrem I, 2003). ഏ.ഡി. 896 ഏപ്രിലിൽ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തശേഷം മുപ്പത്തിയഞ്ച് മെത്രാപ്പോലീത്തന്മാർ പങ്കെടുത്ത ഒരു സുന്നഹദോസ് വിളിച്ചു ചേർ

ക്കുകയുണ്ടായി. ഈ സുന്നഹദോസിൽ ഇരുപത്തിയഞ്ച് കാനോനുകൾ നിലവിൽ വന്നു.

ഏ.ഡി. 909 ഏപ്രിൽ 18-ാം തീയതി കാലം ചെയ്യുന്ന തിനുമുമ്പ് പാത്രിയർക്കീസ് ബാവ നാൽപത്തി ഒൻപത് മെത്രാപ്പോലീത്തന്മാരെ വാഴിച്ചു.

# 30. ബാസബ്രിനയിലെ മോർ ജോർജ്ജ് മെത്രാപ്പോലീത്ത

**(എം. ഡി ? - 1495)**

ജോർജ്ജ് കർത്ത്മീൻ ദയറായിൽവച്ച് സന്യാസവ്രതം സ്വീകരിച്ചു (Aphrem I, 2003). ഏ.ഡി. 1450ൽ മോർ യൂഹാനോൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. ആ കാലഘട്ടത്തിലെ ഏറ്റവും പ്രഗത്ഭനായ മെത്രാപ്പോലീത്തയായിരുന്നു മോർ യൂഹാനോൻ.

യെരുശലേമിലേക്ക് മോർ യൂഹാനോൻ രണ്ടു തവണ തീർത്ഥാടനം നടത്തുകയും ഇരുനൂറ് സ്വർണ്ണ ദിനാറുകൾ കൊടുത്ത് ഏ.ഡി. 1493ൽ ഒരു ഭവനം വാങ്ങുകയും അത് യെരുശലേമിലെ വിശുദ്ധ മർക്കോസിന്റെ ദയറായ്ക്ക് ഒരു ദാനമായിത്തീരുകയും ചെയ്തു. ഏ.ഡി. 1495ൽ മോർ ഹന ന്യാ ദയറായിൽ വച്ച് മോർ ജോർജ്ജ് കാലംചെയ്തു.

ഏ.ഡി. 1462ൽ യൂഹാനോൻ എന്ന പേരുള്ള സഭാ പിതാക്കന്മാരായ മറ്റ് എട്ടു പേരുടെ തക്സാകൾ പരി ശോധിച്ച് ഒരു തക്സാ രൂപീകരിച്ചു. ഈ തക്സാ ആരംഭിക്കുന്നതിപ്രകാരമാണ്. ‘‘സമാധാനത്തിന്റെ നാഥ നും സംരക്ഷണം നൽകുന്നവനുമായ നാഥാ!’’ അതു പോ ലെതന്നെ യാക്കോബ് എന്ന് പേരുള്ള ഏഴ് സഭാപിതാ ക്കന്മാരുടെ തക്സാകൾ ക്രോഡീകരിച്ചും മോർ യൂഹാ നോൻ ഒരു തക്സാ ക്രമീകരിച്ചിട്ടുണ്ട്.

## References

Aphrem I (2003). *The scattered pearls: A history of Syriac literature and sciences* (2nd rev. ed.). (Matti Moosa, Trans.). New Jersey: Gorgias Press.

Arneson, H., Fiano, E., Marquis, C. L. & Smith, K. (2010). *The history of the great deeds of bishop Paul of Qentos and priest John of Edessa.* New Jersey: Gorgias Press.

Brock, S. P., & Harvey, S. A. (1998). *Holy women of the Syrian orient*. California: University of California Press.

Butler, A. (1866). *The Lives of the Fathers, Martyrs, and Other Principal Saints*. Dublin: James Duffy.

http://antiochPatriarchate.org/en/page/john-the-merciful-Patriarch-of-alexandria/865/

http://enacademic.com/dic.nsf/enwiki/11702887

http://freya.theladyofthelabyrinth.com/?page_id=646

http://sanctoral.com/en/saints/saint_john_the_almsgiver.html

http://www.catholic.org/saints/saint.php?saint_id=3082

http://www.christian-resources-today.com/biblical-prophets-5.html.

http://www.gometropolis.org/orthodox-faith/feast-days/the-righteous-martyr-eudocia-the-samaritan/

http://www.johnclamoreaux.org/cv.html

http://www.monstrousregimentofwomen.com/2015/08/saint-sabina-martyr.html

http://www.newadvent.org/cathen/05614c.htm

http://www.orthodox.net/menaion-march/01-the-venerable-martyr-eudocia.html

http://www.stsabina.org/history.html

http://www.ucatholic.com/saints/saint-agabus-the-prophet/.

https://en.wikipedia.org/wiki/Simeon_Stylites_the_Younger.

https://en.wikipedia.org/wiki/Sisinnius_I_of_Constantinople

https://oca.org/saints/lives/2000/07/08/101966-greatmartyr-procopius-of-caesarea-in-palestine.

https://oca.org/saints/lives/2000/11/12/103286-st-john-the-merciful-Patriarch-of-alexandria

https://oca.org/saints/lives/2008/ 07/04/101895-venerable-martha-the-mother-of-the-venerable-simeon-stylites-the.

https://oca.org/saints/lives/2008/06/22/101779-hieromartyr-eusebius-the-Bishop-of-samosata

https://www.britannica.com/biography/Saint-Eusebius-of-Samosata

https://www.christianity.com/church/church-history/timeline/301-600/procopius-first-of-the-palestine-martyrs-11629634.html

https://www.goarch.org/chapel/saints?contentid=446

https://www.revolvy.com/main/index.php?s=Mark%20the%20Hermit&item_type=topic

John of Dara (1999). Commentary on the Eucharist. (Baby Varghese, Trans.). *Moran Etho*, 12, 1-82.

Rajan, K. M. (Ed.). (2004). *Calendar of the Syrian Orthodox Church*. Kottayam: Travancore Syriac Orthodox Publishers

Smith, W., & Wace, H. (Eds.). (1887). *A dictionary of Christian Biography* (Vol. IV). London: John Murray.

Wright, W. (1894). *A short history of Syriac Literature.* London: Adam and Charles Black.

# NAME INDEX
## (Volume X)

Agabus, The New Testament Prophet ............................ 22
Athanasius II (of Balad), the Patriarch of Antioch ......... 46
Constantine, Bishop of Edessa ....................................... 10
Dionysius II, the Patriarch of Antioch ............................ 52
Eleuthrius of Nicomedia ................................................ 34
Elias (Elijah) I, the Patriarch of Antioch ......................... 48
Eudocia, Martyr ........................................................... 29
Eusebius of Samosata, Martyr ....................................... 34
George I, the Patriarch of Antioch ................................. 25
George, Metropolitan of Basibrina ................................. 53
John (Ivannis) of Edessa, Priest .................................... 31
John the Merciful, the Patriarch of Alexandria ............... 38
John, Bishop of Dara ..................................................... 13
Kuriakose, Metropolitan of Amid .................................. 11
Markos, the Solitary ...................................................... 51
Martha, mother of Simeon, the Stylite (Younger) .......... 41
Paulus I, the Patriarch of Constantinople ........................ 08
Porphyrius, Bishop of Gaza ........................................... 03
Porphyrius, the Patriarch of Antioch .............................. 07
Prochoros, Bishop of Nicomedia ................................... 01

Proclus, Patriarch of Constantinople.............................. 15
Procopius, the Great Martyr.......................................... 17
Sabas, Abbot and Martyr................................................ 43
Sabina, Martyr............................................................. 27
Saliba Bar Khayrun, Malphono ...................................... 12
Shirin, the Great Martyr.................................................. 20
Simeon of Persia, the Martyr ......................................... 01
Simon, the Stylite (Younger) .......................................... 50
Sisinnius, the Patriarch of Constantinople ..................... 33
Theodosius, the Patriarch of Antioch.............................. 49

## GENERAL INDEX
### Volumes I to IX

**A**

Abahai, the Martyr ........................................Vol. III, 12
Abded Aloho II, Patriarch................................Vol. III, 50
Abgar V, the Black ...........................................Vol. II, 54
Abraham Kidunay ......................................... Vol. VII, 40
Acacious of Aleppo. .........................................Vol. V, 53
Acacius of Melitene ....................................... Vol. IX, 39
Adai, the first bishop of Edessa .................... Vol. VI, 25
Adrian with his wife Natalia, Martyrs ............. Vol. VI, 32
Agapius of Caesarea ...................................... Vol. IX, 01
Agatha, Martyr ..................................................Vol. II, 4
Aggai, the second Bishop of Edessa............ Vol. VII, 13
Agnes, Virgin & Martyr.................................. Vol. VII, 22
Ahathulla Bava ............................................. Vol. VI, 55
Aho, the Ascetic............................................ Vol. VIII, 08
Ahudemeh, the Great Bishop .........................Vol. III, 53
Alexander, the Patriarch of Alexandria ......... Vol. VII, 28
Alexander, the Patriarch of Antioch ............... Vol. IX, 40
Alexander, the Patriarch of Constantinople .. Vol. VI, 53
Ambrose, Saint ..............................................Vol. III, 32
Ammon (Amus) of Nitria ................................ Vol. VII, 35
Amphlocius, Bishop of Iconium ..................... Vol. IX, 02
Anastasia, the Martyr.........................................Vol. V, 3
Andrew, the Disciple .....................................Vol. III, 20
Anthimos, Episcopo of Nicomedia, the Martyr..... Vol. VII, 19
Anthimus of Constantinople............................Vol. IV, 62
Anthrayose, Kallada, Kerala, India ............... Vol. VI, 68
Antonius of Egypt ............................................Vol. I, 28
Anysia, the Martyr......................................... Vol. VII, 20
Aphrahat, Hermit ...........................................Vol. IV, 25

Aphrem I, the Patriarch of Antioch ...................Vol. I, 70
Aphrem, the Syrian..........................................Vol. II, 69
Apollonia, the Martyr.................................... Vol. VII, 17
Arnobius, the Martyr. ......................................Vol. V, 14
Arsenius, the Great...................................... Vol. VIII, 43
Artemius, Martyr .......................................... Vol. VIII, 06
Athanasius Aphrem Barsoum, Archbishop .. Vol. VI, 73
Athanasius Denho, Martyr ............................ Vol. VIII, 04
Athanatius of Alexandria.................................Vol. III, 40
Athanatius Paulose, Kadavil I.........................Vol. IV, 75
Athanatius Paulose, Saint ...............................Vol. II, 41
Athanatius Shemavoon, the delegate ............Vol. I, 102
Athanatius Yeshu Samuel.................................Vol. I, 97
Athnatius Paulose, Kadavil II ..........................Vol. IV, 82
Augen of Clysma ............................................Vol. IV, 23

**B**

Babula, the Patriarch of Antioch ......................Vol. III, 1
Babylas, the Patriarch of Antioch, the Martyr Vol. VI, 58
Balai, Bishop of Balsh.....................................Vol. IV, 39
Bar Hebreaus Gregorius Yuhanon ...................Vol. I, 82
Barbara and Juliana, Martyrs ..........................Vol. II, 19
Bar-had- bashabo, Deacon & Martyr............ Vol. VII, 38
Barnabas, the Apostle .................................. Vol. VI, 12
Barsoumo, the chief of Mourners ....................Vol. I, 32
Bartholomew, The Disciple ..............................Vol. III, 8
Baselius of Caesera, Saint ..............................Vol. II, 35
Baselius Paulose II, the Catholicos ..................Vol. I, 85
Behnam and Sara, Martyrs......................... Vol. VIII, 31

**C**

Callistus, Episcopo of Rome......................... Vol. VII, 15
Carpos & Papylos, Martyrs ........................... Vol. VI, 35
Christopher, the Martyr.................................. Vol. IX, 41
Cipriyan, the Martyr ..........................................Vol. II, 14
Clement of Rome.............................................Vol. IV, 1
Clemis Abraham .............................................Vol. II, 93
Constantine I, the Great ................................ Vol. IX, 27
Coorilos Geevarghese, Ambattu .....................Vol. V, 68

Coorilos Kuriakose, Poothicote ......................Vol. IV, 84
Coorilos Markose, Ramanthara ......................Vol. V, 76
Coorilos Paulose, St. ......................................Vol. IV, 51
Coorilos Yuyakim, the Delegate ....................Vol. IV, 47
Cosmas & Damian, Martyrs......................... Vol. VII, 24
Cyril of Alexandria..........................................Vol. II, 72
Cyril of Jerusalem........................................ Vol. VII, 45

**D**

Daniel, the Stylite......................................... Vol. VII, 48
Deevannasios Shem'vun, Karavattuveettil . ....Vol. V, 65
Didymus, the blind ..........................................Vol. V, 59
Dimet (Dometius) of Persia ............................ Vol. IX, 04
Dionysius Jacob bar Salibi ............................. Vol. IX, 25
Dionysius Joseph, Pulikottil ............................Vol. IV, 71
Dionysius Michael...........................................Vol. II, 84
Dionysius of Alexandria .................................Vol. III, 48
Dionysius of Milan, the Bishop ..................... Vol. VI, 67
Dionysius Tell Mahre, the Patriarch of Antioch ... Vol. VIII, 27
Dionysius, the Areopagite............................ Vol. VIII, 75
Dioscoros of Alexandria.................................Vol. III, 44
Dodo (Gregorius), the Saint............................Vol. V, 36
Drosis, daughter of Emperor Trajan ............ Vol. VIII, 24

**E**

Elias III, the Patriarch of Antioch......................Vol. II, 48
Epiphanius of Salamis, Egypt ........................Vol. IV, 33
Eugenia, Martyr .......................................... Vol. VIII, 52
Eulogius, Episcopo of Edessa..................... Vol. VIII, 40
Euphemia, Virgin & Martyr ............................ Vol. VI, 38
Eusebius of Caeseria .....................................Vol. IV, 16
Evagrius, Ascetic and Writer........................ Vol. VIII, 49
Evodius, the Patriarch of Antioch, Martyr ..... Vol. VI, 51

**F**

Fabronia, the Martyr .......................................Vol. V, 25
Felicitas of Rome and her seven children .... Vol. IX, 06
Flavian, the Patriarch......................................Vol. V, 44
Fourty martyrs of Sebesthe ...............................Vol. I, 5

## G

Gabriel of Thur'abdeen ................................. Vol. VI, 47
George, Bishop of Arabs ............................... Vol. IX, 30
George, Saint ...................................................Vol. I, 8
Gregorius Abdul Jaleel, Saint ..........................Vol. II, 58
Gregorius Chathuruthil (of Parumala), St. ........Vol. I, 51
Gregorius Gheevarghese, Perumpallil ..........Vol. III, 63
Gregorius Gheevarghese, Vayaliparampil .... Vol. VI, 76
Gregorius of Armenia, the Illuminator.......... Vol. VIII, 01
Gregorius Yuhanon, the Delegate .................Vol. III, 79
Gregory of Nazianzen, ...................................Vol. III, 26
Gregory of Nyssa, Saint ..................................Vol. II, 39
Gregory, the Wonderworker ......................... Vol. VI, 44

## H

Habib, the Martyr...............................................Vol. V, 9
Helen, Queen ..................................................Vol. II, 66
Hesychius, the Martyr ................................... Vol. VI, 18
Hilaria, the daughter of Emperor Zeno ........ Vol. VIII, 46
Hilarion, Abbot (of Gaza).............................. Vol. VII, 42
Hippolytus of Rome, the Martyr..................... Vol. VI, 28
Hosius (Ossius), Bishop of Cordova............. Vol. IX, 32

## I

Ignatius Nuh (Noah), the Patriarch of Antioch .... Vol. VIII, 38
Ignatius, Noorono .............................................Vol. I, 19
Iranaeus of Sirmium, the Martyr ................... Vol. VI, 30
Irenaeus, the Bishop of Lyons ........................ Vol. VII, 9
Irene (Erini/Irini), the Martyr......................... Vol. VIII, 58
Isaac of Nineveh (Syrian)............................. Vol. VII, 69
Isaac, the Doctor ...........................................Vol. IV, 40
Isidore of Chios, the Martyr ......................... Vol. VIII, 78
Ivanios Hidayathulla, the Delegate.................Vol. IV, 64
Ivanios Philipose, Parappallil ...........................Vol. V, 71
Ivanios Yuhanon, the Delegate ......................Vol. IV, 68
Ivanius, Gold-mouthed ....................................Vol. I, 56

**J**

Jacob of Edessa ............................................Vol. III, 68
Jacob of Edessa ........................................... Vol. VII, 72
Jacob of Sarug ...............................................Vol. I, 64
Jacob, The Disciple ........................................Vol. I, 11
James of Jerusalem, Martyr ............................Vol. II, 10
James of Nisbis .............................................Vol. II, 64
James, Bardeaus (Burd'ono) ...........................Vol. I, 60
James, Son of Alphaeus.................................Vol. III, 16
Joachim & Hannah .........................................Vol. IV, 14
John (Yuhanon) of Tella ............................... Vol. VIII, 62
John bar Aphthoonia.......................................Vol. II, 76
John III of Sedre, the Patriarch of Antioch .... Vol. VII, 64
John IX, Bar Shushan, the Patriarch of Antioch.. Vol. VIII, 29
John of Arabia.................................................Vol. V, 55
John of Damascus..........................................Vol. IV, 44
John of Egypt, the Abbot .............................. Vol. VII, 51
John, the Baptist...............................................Vol. I, 1
John, the Disciple ...........................................Vol. II, 61
Joseph of Arimathea ..................................... Vol. VI, 03
Joseph, The Just ...........................................Vol. III, 35
Juda, The Disciple .........................................Vol. III, 6
Julius Elias, the delegate of Antioch ................Vol. II, 89
Julius Geevarghese, Konatt ...........................Vol. V, 62
Julius Kuriakose, Kochupurackal.....................Vol. V, 82
Julius of Rome, ............................................Vol. III, 38
Julius Yacob, Madappattu ................................Vol. I, 89
Julius Yeshu Cicek, Holland ..........................Vol. III, 82
Justin, the Martyr .......................................... Vol. VI, 15

**K**

Kuriakose and Yulithi, Martyrs .........................Vol. II, 12
Kuriakose Vanchithattil, Ramban.....................Vol. V, 85
Kuriakose, the Patriarch of Antioch ................Vol. V, 48

**L**

Lazarus of Bethany........................................ Vol. IX, 09
Longinus, the Martyr .................................... Vol. VI, 05

Lucianos, the Martyr ....................................... Vol. IX, 11
Luke, the Evangelist ........................................ Vol. I, 49

**M**

Macarius, Bishop of Jerusalem (the Lesser) Vol. IX, 34
Macarius, the Egyptian (the Elder) .................. Vol. V, 19
Macrina, the Elder .......................................... Vol. IX, 12
Macrina, the younger ..................................... Vol. IV, 28
Maike, the Saint .............................................. Vol. V, 34
Mamas of Caesarea, the Martyr .................. Vol. VIII, 55
Marina, the Saint ............................................ Vol. V, 31
Mark, the Martyr ............................................... Vol. II, 6
Marutha, the Maphrian .................................... Vol. II, 82
Mary Magdelena .............................................. Vol. II, 74
Mary of Egypt ................................................ Vol. VII, 53
Mary, Mother of God ........................................ Vol. II, 23
Mathai of Mosul Dayro .................................. Vol. IX, 37
Mathew, the Disciple ......................................... Vol. I, 43
Matthias, The Disciple ................................... Vol. III, 10
Maximus, the Confessor ............................... Vol. VII, 62
Meletius Barnaba, Homs ................................ Vol. V, 74
Meletius, the Patriarch of Antioch ................... Vol. V, 41
Mena, the Martyr ............................................... Vol. V, 5
Mennas, the Martyr ....................................... Vol. VIII, 16
Michael Rabo, the Patriarch of Antioch ........... Vol. I, 90
Moses, the Ethiopian .................................... Vol. VIII, 34
Moshe Bar Kipho ............................................. Vol. I, 95

**N**

Nicephorus, the Martyr .................................. Vol. VI, 19

**O**

Ossyo, the Martyr ............................................ Vol. V, 17
Osthatheos Bennyamin Joseph ...................... Vol. III, 74
Osthatheos Sleeba, St. .................................... Vol. I, 35
Osthatheos Thomas, Panthalumakkil ............ Vol. IV, 86
Osthatheos, the Patriarch of Antioch ............... Vol. II, 79

**P**

Pachomius of Egypt, Saint ............................ Vol. III, 29
Palladius, the Solitary .................................. Vol. VIII, 72
Pambo, the Ascetic ...................................... Vol. VIII, 20
Pamphilus of Caesarea, the Martyr .............. Vol. VII, 26
Pantaenus of Alexandria (priest) .................. Vol. VI, 10
Pantaleon, the Martyr .................................. Vol. VI, 23
Paphnutius, Bishop of Upper Thebaid ........... Vol. IX, 14
Paul (I) of Edessa ....................................... Vol. VIII, 79
Paul of Tella ................................................ Vol. IX, 16
Paul of Thebaid ............................................ Vol. IV, 20
Paul, The Apostle ......................................... Vol. I, 16
Paulinus, Bishop of Trier ............................... Vol. IX, 35
Pelagia of Antioch, Saint ............................... Vol. III, 14
Pelagia of Tarsus, Virgin & Martyr ................ Vol. VI, 22
Peter II the Fuller, the Patriarch of Antioch .... Vol. IX, 36
Peter III (IV), the Patriarch of Antioch ............ Vol. I, 66
Peter, the chief among Apostles ..................... Vol. I, 13
Peter, the Patriarch of Alexandria .................. Vol. IX, 33
Philexenus of Mabbug, the Martyr .................. Vol. II, 21
Philexinose Yoohanon, Elappanal ................ Vol. VI, 70
Philexinose Yuhanon Dolabani of Mardin .... Vol. VIII, 13
Philip, the Disciple ........................................ Vol. III, 18
Philogone, the Patriarch of Antioch ............... Vol. IX, 43
Philoxenos Samuel, Kodath .......................... Vol. III, 60
Phocas of Sinope, the Gardner ....................... Vol. IV, 8
Phocas, Bishop of Sinope ............................. Vol. IX, 37
Polycarp of Smirna, the Martyr ....................... Vol. III, 23
Polycarpus Geevarghese, Pallivadakkethil ..... Vol. V, 79

**R**

Rabula of Edessa .......................................... Vol. II, 91
Romanos of Antioch ..................................... Vol. IX, 18

**S**

Sabas, the Ascetic ....................................... Vol. IX, 33
Seraphion, the Patriarch of Alexandria .......... Vol. IX, 42
Serapion, the Patriarch of Antioch .................. Vol. V, 39

Sergius and Baccus, Martyrs........................... Vol. II, 17
Sergius, the Patriarch of Antioch ................... Vol. IX, 44
Severios Paulose, Mulayirickal ...................... Vol. IV, 78
Severius Gheevarghese, Edavazhikkal ......... Vol. III, 70
Severius, the Patriarch of Antioch ................... Vol. II, 45
Severus Sabukht, Bishop of Qinnesrin......... Vol. VII, 67
Shalito, the Martyr .......................................... Vol. V, 21
Sharbil, the Martyr ........................................... Vol. IV, 4
Shem'vun of Jerusalem, the Martyr.................. Vol. V, 1
Shemvun of Qartmin.................................... Vol. VII, 59
Shmuni, her seven children and Eliazar ....... Vol. VI, 07
Shukr Allah of Aleppo, Maphrian .................... Vol. III, 57
Silvanus, the Martyr....................................... Vol. IX, 45
Silvester, the Patriarch of Rome ................... Vol. VII, 31
Simeon, the Aged & Morth Hannah ............. Vol. VI, 01
Simeon, the Zeolot .......................................... Vol. III, 3
Simon Theophilus, the Patriarch of Antioch..... Vol. V, 46
Simon Zaytuni of Harran............................... Vol. VII, 75
Simon, the Martyr ............................................ Vol. V, 1
Simon, the Potter............................................ Vol. IV, 42
Simon, the stylite ............................................. Vol. I, 40
Stephen, the Martyr......................................... Vol. II, 1

**T**

Tharakkos, Prokkos & Andronikkos, Martyrs Vol. VI, 39
Thecla, the Saint............................................. Vol. I, 45
Themotheos of Alexandria............................. Vol. IV, 59
Theodora, the Empress of Byzantine .......... Vol. VIII, 68
Theodotus, the Martyr ................................ Vol. VIII, 66
Theodotus, the Patriarch of Antioch ............. Vol. VII, 56
Theophilos Thomas, Moothedath .................. Vol. IV, 89
Theophilus of Alexandria ............................... Vol. IV, 56
Thimotheos of Alexandria.............................. Vol. IX, 21
Thimotheos Yacoub, Parekulam ...................... Vol. I, 92
Thomas of Heraclea .................................... Vol. VIII, 60
Thomas, The Apostle...................................... Vol. I, 23
Timothy, the disciple of Apostle St. Paul......... Vol. VII, 1
Titus, the disciple of Apostle St. Paul ............. Vol. VII, 5

**X**

Xystus II of Rome ........................................ Vol. IX, 23

**Y**

Yacoub III, the Patriarch of Antioch ..................Vol. I, 73
Yacoub, M’fasquo ..........................................Vol. IV, 12
Yeldho Baselius Maphrian, Saint....................Vol. III, 54
Yuhanon of Mardin ...................................... Vol. VIII, 64
Yuhanon, the Bishop of Ephesus ....................Vol. V, 50

**Z**

Zakka I, the Patriarch of Antioch ................... Vol. VI, 61
Zeno, the Ascetic ..........................................Vol. IV, 37
Zenobius and Zenobia, Martyrs................... Vol. VIII, 18
Zokhe (Nicholavos), Bishop of Moora (Myra).. Vol. VII, 33

## Books by the Author


1. Rajan, K. M. (1991). *Queen of the Sacraments*. California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching*. Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead*. New Delhi: NIEPA.
6. Rajan, K. M. (2003).*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും*. (Vol. I). Trivandrum: Lotus Publications.
7. Rajan, K. M. (2004). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. III). Trivandrum: Lotus Publications.
10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I). Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2010). *പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ മലങ്കര സന്ദർശനം.* Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2011). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II). Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III). Kottayam: The Travancore Syriac Orthodox Publishers.

18. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV). Puthencruz: J. S. C. Publications.

19. Rajan, K. M. (2016). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

20. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V). Puthencruz: J. S. C. Publications.

21. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VII). Puthencruz: J. S. C. Publications..

22. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VIII). Puthencruz: J. S. C. Publications.
23. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J. S. C. Publications.
24. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J. S. C. Publications.
25. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume). Puthencruz: J. S. C. Publications.
26. Rajan, K. M. (2017). *Renowned Ascetics: Their Lives & Practices.* Puthencruz: J. S. C. Publications.
27. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും (250 ജീവചരിത്രം).* Puthencruz: J. S. C. Publications.
28. Rajan, K. M. (2017). *വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*. Puthencruz: J. S. C. Publications.
29. Rajan, K. M. (2017). *സുപ്രസിദ്ധ സന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും*. Puthencruz: J. S. C. Publications.
30. Rajan, K. M. (2018). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IX). Puthencruz: J. S. C. Publications..
31. Rajan, K. M. (2018). *Martyrs, saints & prelates of the Syriac Orthodox Church* (Vol.VI). Puthencruz: J. S. C. Publications.
32. Rajan, K. M. (2018). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. X). Puthencruz: J. S. C. Publications.

**Books Compiled, Edited & Reprinted**

1. *മോർ അന്തോണിയോസിന്റെ ജീവചരിത്രം.* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും*. (2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *സുറിയാനിസഭ പെരുന്നാൾ വിശേഷദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED
5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT
8. *Huthomo of the Holy Qurbono* (2016). Puthencruz: J. S. C. Publications. (worked with the translation and versification team).
9. *The prayer book of the Syrian Orthodox Church (for the season of Sleebo)*. (2017). Puthencruz: J. S. C. Publications. (worked with the translation and versification team).
10. *The order of the sacrament of Baptism & Matrimony* (2018). Puthencruz: J. S. C. Publications. (worked with the translation and versification team)
11. *The prayer book of the Syrian Orthodox Church (for the season of Qyomtho)*. (2018). Puthencruz: J. S. C. Publications. (worked with the translation and versification team)

# ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയ്ക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽനിന്ന് പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാ

പകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസന പള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-VI) *സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും* (Vol. I-X) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ അച്ചന്റെ കീഴിൽ വിദ്യാഭ്യാസത്തിൽ ഗവേഷണം നടത്തി രണ്ടു വിദ്യാർത്ഥികൾ Ph.D. ബിരുദം നേടിയിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com